# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# വാണിയംകുളം ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001

ഇ-മെയിൽ: dopkd.ksad@kerala.gov.in

ഫോൺ : 0491-2520145

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: No.KSA PKD-P16/1596/21

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 09/12/2021
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വാണിയംകുളം ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : വാണിയംകുളം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വാണിയംകുളം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: No.KSA PKD-P16/1596/21 തീയ്യതി: 09/12/2021

## പാലക്കാട് ജില്ലയിലെ വാണിയംകുളം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ വാണിയംകുളം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 18-08-2019 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 23 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 14 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ സതീശൻ എൻ | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ) | 04-10-2021 | 22-10-2021 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 04-10-2021 | 22-10-2021 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

പ്രകാശ് ബാബു കെ.ആർ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേഡ്)
എ.ബി.സുരേഷ്, അസി.ഓഡിറ്റ് ഓഫീസർ
കെ.പി.രാമകൃഷ്ണൻ, അസി.ഓഡിറ്റ് ഓഫീസർ
കെ.വി.രാജൻ, സീനി.ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.എം പ്രിയ | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | പ്രസിഡന്റ് | 12-11-2020 | 20-12-2020 |
| ശ്രീ.കെ ഗംഗാധരൻ | പ്രസിഡന്റ് | 21-12-2020 | 31-03-2021 |
| ശ്രീ.ഷാജി .കെ.കെ | സെക്രട്ടറി | 01-04-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ വിനോദ് എ കെ | അസി.സെക്രട്ടറി | 01-04-2020 | 28-07-2020 |
| ശ്രീമതി ബിന്ദു ആർ | അസി.സെക്രട്ടറി | 29-07-2020 | 31-03-2021 |
| ഡോ.ജ്യോതിഷ് വി | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2020 | 31-03-2021 |
| ഡോ.സിനി പി.എം | മെഡിക്കൽ ഓഫീസർ (ആയുർവേദ) | 01-04-2020 | 31-03-2021 |
| ഡോ.ജിഷ പി വി | മെഡിക്കൽ ഓഫീസർ (അലോപ്പതി) | 01-04-2020 | 06-07-2020 |
| ഡോ.ശ്രീഹരി | മെഡിക്കൽ ഓഫീസർ (അലോപ്പതി) | 07-07-2020 | 31-03-2021 |
| ഡോ.നീത കെ നായർ | വെറ്ററിനറി സർജ്ജൻ | 01-04-2020 | 31-03-2021 |
| ശ്രീമതി ജയകല എം | ഹെഡ് മിസ്ട്രസ് | 01-04-2020 | 31-03-2021 |
| ശ്രീമതി ചിത്ര.ഇ.കെ | വില്ലേജ് എക്സറ്റൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |
| Sanakan S | Assistant Engineer | 01-04-2020 | 23-06-2020 |
| ശ്രീമതി.മാലിനി.കെ | അസി. എഞ്ചിനിയർ | 24-06-2020 | 31-03-2021 |
| ശ്രീമതി ജാസ്മിൻ പി എച്ച് | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീമതി ബിന്ദു ടി | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2020 | 08-11-2020 |

| | | | |
|---|---|---|---|
| ശ്രീമതി ഉഷ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 09-11-2020 | 31-03-2021 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: K.R.Prakashbabu (Audit Officer, On 19-10-2021)<br>Last Updated By: K.R.Prakashbabu (Audit Officer, On 19-10-2021) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: K.R.Prakashbabu (Audit Officer, On 08-10-2021)<br>Last Updated By: Anish A (Computer Assistant, On 08-12-2021) | 1-2 |
| 3 | വാർഷിക കണക്ക് അപാകതകൾ<br>Written By: K.R.Prakashbabu (Audit Officer, On 29-10-2021)<br>Last Updated By: Anish A (Computer Assistant, On 08-12-2021) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: K.R.Prakashbabu (Audit Officer, On 08-10-2021)<br>Last Updated By: Anish A (Computer Assistant, On 08-12-2021) | 1-3 |
| 5 | ഫണ്ട് വിനിയോഗം<br>Written By: K.R.Prakashbabu (Audit Officer, On 04-10-2021)<br>Last Updated By: Anish A (Computer Assistant, On 08-12-2021) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: K.R.Prakashbabu (Audit Officer, On 06-12-2021)<br>Last Updated By: Anish A (Computer Assistant, On 08-12-2021) | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: K.R.Prakashbabu (Audit Officer, On 08-10-2021)<br>Last Updated By: Anish A (Computer Assistant, On 08-12-2021) | 1-6 |
| 8 | ക്യാഷ് പരിശോധന<br>Written By: K.V.Rajan (Senior Grade Auditor, On 11-11-2021)<br>Last Updated By: Anish A (Computer Assistant, On 08-12-2021) | 1-7 |
| 9 | ക്ഷേമ പദ്ധതികൾ<br>Written By: K.V.Rajan (Senior Grade Auditor, On 11-11-2021)<br>Last Updated By: Anish A (Computer Assistant, On 08-12-2021) | 1-8 |
| 10 | ആഭ്യന്തരനിയന്ത്രണം<br>Written By: K.R.Prakashbabu (Audit Officer, On 11-11-2021)<br>Last Updated By: Anish A (Computer Assistant, On 08-12-2021) | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: K.R.Prakashbabu (Audit Officer, On 11-11-2021)<br>Last Updated By: Anish A (Computer Assistant, On 08-12-2021) | 1-10 |
| 12 | മൊബൈൽ ടവറുകളുടെ വസ്തുനികുതി - അനർമായ ഇളവുകൾ അനുവദിച്ചു<br>Written By: K.V.Rajan (Senior Grade Auditor, On 06-11-2021)<br>Last Updated By: Anish A (Computer Assistant, On 08-12-2021) | 1-11 |
| 13 | തൊഴിൽ നികുതി-'വിമുക്തഭടന്മാർക്ക്' ഇളവ് -രു.15940.00 രൂപ നഷ്ടം<br>Written By: K.V.Rajan (Senior Grade Auditor, On 07-11-2021)<br>Last Updated By: Anish A (Computer Assistant, On 08-12-2021) | 1-12 |
| 14 | തൊഴിൽ നികുതി പത്രികകൾ -മതിയായ പരിശോധനകൾ നടത്തണം<br>Written By: K.V.Rajan (Senior Grade Auditor, On 07-11-2021)<br>Last Updated By: Anish A (Computer Assistant, On 08-12-2021) | 1-13 |
| 15 | ഇ-ടെന്റർ ഫോറം വില ഇനത്തിൽ ലഭിച്ച രൂപ പഞ്ചായത്തിന്റെ തനതുഫണ്ടിൽ നിക്ഷേപിച്ചിട്ടില്ല<br>Written By: K.R.Prakashbabu (Audit Officer, On 14-11-2021)<br>Last Updated By: Anish A (Computer Assistant, On 08-12-2021) | 1-14 |
| 16 | തുല്യത പഠന പ്രൊജക്ടുകൾ- വിശദാംശങ്ങൾ ലഭ്യമാക്കണം<br>Written By: K.V.Rajan (Senior Grade Auditor, On 07-11-2021)<br>Last Updated By: Anish A (Computer Assistant, On 08-12-2021) | 1-15 |

| | | |
|---|---|---|
| 17 | തുടർ വിദ്യാകേന്ദ്രങ്ങൾക്ക് പ്രിന്റർ, യു.പി.എസ് - ഉപകരണങ്ങൾ ലഭിച്ചിട്ടില്ല-രൂ.50492.00 തടസ്സപ്പെടുത്തുന്നു.<br>Written By: K.V.Rajan (Senior Grade Auditor, On 07-11-2021)<br>Last Updated By: Anish A (Computer Assistant, On 08-12-2021) | 1-16 |
| 18 | സമഗ്ര നെൽകൃഷി വികസനം-ഗുണഭോക്തൃവിഹിതം നൽകിയത് ചെലവു പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.<br>Written By: K.P.Ramakrishnan (Asst. Audit Officer, On 24-10-2021)<br>Last Updated By: Anish A (Computer Assistant, On 08-12-2021) | 1-17 |
| 19 | തരിശ് നെൽ കൃഷി- ഭൂമി കൃഷിക്കനുയോജ്യമാണെന്ന് സാക്ഷ്യപ്പെടുത്തിയിട്ടില്ല.<br>Written By: K.P.Ramakrishnan (Asst. Audit Officer, On 24-10-2021)<br>Last Updated By: Anish A (Computer Assistant, On 08-12-2021) | 1-18 |
| 20 | കരാറുകാരന് പ്രവൃത്തിയുടെ തുക അനുവദിച്ചപ്പോൾ ടാർ ബാരലിന്റെ തുക ഈടാക്കിയിട്ടില്ല.<br>Written By: K.R.Prakashbabu (Audit Officer, On 14-11-2021)<br>Last Updated By: Anish A (Computer Assistant, On 08-12-2021) | 1-19 |
| 21 | എൻ.ആർ.ഇ.ജി.എസ് എസ്റ്റാബ്ലീഷ്മെന്റ് ചെലവുകൾ - തനത് ഫണ്ടിൽ നിന്നും നൽകിയ തുക ക്രമീകരിച്ചിട്ടില്ല<br>Written By: K.R.Prakashbabu (Audit Officer, On 14-11-2021)<br>Last Updated By: Anish A (Computer Assistant, On 08-12-2021) | 1-20 |
| 22 | MGNREGS മെറ്റീരിയൽ പർച്ചേസ് -സപ്ലെയറിൽ നിന്ന് GST ഈടാക്കി അടവാക്കിയിട്ടില്ല.<br>Written By: K.P.Ramakrishnan (Asst. Audit Officer, On 24-10-2021)<br>Last Updated By: Anish A (Computer Assistant, On 08-12-2021) | 1-21 |
| 23 | തെരുവു വിളക്കുകളുടെ വൈദ്യുത ചാർജ്ജ് -മീറ്ററിംഗ് സംവിധാനത്തിലേക്ക് മാറിയിട്ടില്ല.<br>Written By: A B Suresh (Asst. Audit Officer, On 24-10-2021)<br>Last Updated By: Anish A (Computer Assistant, On 08-12-2021) | 1-22 |
| 24 | തെരുവ് ടാപ്പുകളുടെ വെള്ളക്കരം അടവാക്കുന്നത്- കുടിശിക തീർപ്പാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.<br>Written By: A B Suresh (Asst. Audit Officer, On 24-10-2021)<br>Last Updated By: Anish A (Computer Assistant, On 08-12-2021) | 1-23 |
| 25 | പാലിന് സബ്സിഡി പ്രൊജക്റ്റ് - ഭാഗികമായ കാലയളവിൽ മാത്രം ആനുകൂല്യം അനുവദിച്ചു<br>Written By: K.P.Ramakrishnan (Asst. Audit Officer, On 24-10-2021)<br>Last Updated By: Anish A (Computer Assistant, On 08-12-2021) | 1-24 |
| 26 | ദുരിതാശ്വാസ നിധിയിൽനിന്നും അനുവദിനീയമായതിൽ കൂടുതൽ തുക നൽകി.<br>Written By: A B Suresh (Asst. Audit Officer, On 24-10-2021)<br>Last Updated By: Anish A (Computer Assistant, On 08-12-2021) | 1-25 |
| 27 | ലൈഫ് പദ്ധതി -ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.<br>Written By: K.P.Ramakrishnan (Asst. Audit Officer, On 24-10-2021)<br>Last Updated By: Anish A (Computer Assistant, On 08-12-2021) | 1-26 |
| 28 | അനുപൂരക പോഷകാഹാരം-ടി.ഡി.എസ് ഈടാക്കിയിട്ടില്ല<br>Written By: K.P.Ramakrishnan (Asst. Audit Officer, On 24-10-2021)<br>Last Updated By: Ranjith. R (Auditor, On 08-12-2021) | 1-27 |
| 29 | അസാധാരണ ചെലവുകൾ-രജിസ്റ്റർ പരിപാലിച്ചിട്ടില്ല<br>Written By: A B Suresh (Asst. Audit Officer, On 29-10-2021)<br>Last Updated By: Ranjith. R (Auditor, On 08-12-2021) | 1-28 |
| 30 | ഹോമിയോ ഡിസ്പെൻസറിയ്ക് മരുന്ന് വാങ്ങൽ - മരുന്നുകൾ മുഴുവനായും ലഭ്യമായിട്ടില്ല<br>Written By: K.P.Ramakrishnan (Asst. Audit Officer, On 24-10-2021)<br>Last Updated By: Ranjith. R (Auditor, On 08-12-2021) | 1-29 |
| 31 | കോവിഡ് പ്രതിരോധം-അവലോകനം<br>Written By: A B Suresh (Asst. Audit Officer, On 07-11-2021) | 1-30 |

| | | |
|---|---|---|
| | Last Updated By: Ranjith. R (Auditor, On 08-12-2021) | |
| ഭാഗം 2 | | |
| 1 | തൊഴിൽ നികുതി-'വിമുക്തഭടന്മാർക്ക്' ഇളവ് -രു.15940.00 രൂപ നഷ്ടം<br>Written By: K.V.Rajan (Senior Grade Auditor, On 07-11-2021)<br>Last Updated By: Ranjith. R (Auditor, On 08-12-2021) | 2-1 |
| ഭാഗം 3 | | |
| 1 | കരാറുകാരന് പ്രവൃത്തിയുടെ തുക അനുവദിച്ചപ്പോൾ ടാർ ബാരലിന്റെ തുക ഈടാക്കിയിട്ടില്ല<br>Written By: K.R.Prakashbabu (Audit Officer, On 14-11-2021)<br>Last Updated By: Anish A (Computer Assistant, On 08-12-2021) | 3-1 |
| ഭാഗം 4 | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം<br>Written By: K.R.Prakashbabu (Audit Officer, On 04-11-2021)<br>Last Updated By: Ranjith. R (Auditor, On 08-12-2021) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: K.R.Prakashbabu (Audit Officer, On 12-11-2021)<br>Last Updated By: Ranjith. R (Auditor, On 08-12-2021) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: K.R.Prakashbabu (Audit Officer, On 13-11-2021)<br>Last Updated By: Ranjith. R (Auditor, On 08-12-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ<br>Written By: K.R.Prakashbabu (Audit Officer, On 04-11-2021)<br>Last Updated By: K.R.Prakashbabu (Audit Officer, On 04-11-2021) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: K.R.Prakashbabu (Audit Officer, On 13-11-2021)<br>Last Updated By: Anish A (Computer Assistant, On 08-12-2021) | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: K.R.Prakashbabu (Audit Officer, On 04-11-2021)<br>Last Updated By: Anish A (Computer Assistant, On 08-12-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: K.R.Prakashbabu (Audit Officer, On 13-11-2021)<br>Last Updated By: Ranjith. R (Auditor, On 08-12-2021) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം<br>Written By: K.R.Prakashbabu (Audit Officer, On 04-11-2021)<br>Last Updated By: Ranjith. R (Auditor, On 08-12-2021) | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: K.R.Prakashbabu (Audit Officer, On 04-11-2021)<br>Last Updated By: K.R.Prakashbabu (Audit Officer, On 04-11-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: K.R.Prakashbabu (Audit Officer, On 15-11-2021)<br>Last Updated By: Anish A (Computer Assistant, On 08-12-2021) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: K.R.Prakashbabu (Audit Officer, On 04-11-2021)<br>Last Updated By: Ranjith. R (Auditor, On 08-12-2021) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | ഓഡിറ്റ് ചെയ്ത വരവ് ചെലവ് പത്രിക-സംക്ഷിപ്തം | |

## ഭാഗം -1

### 1-1 ബജറ്റ്

2020-21വർഷത്തെ ബജറ്റ് 25/03/2020 തിയതിയിലെ തീരുമാനം 1 പ്രകാരം അംഗീകരിച്ചു. വാർഷിക ബജറ്റ് പുതുക്കി അംഗീകാരം നേടിയിട്ടുണ്ട് (തീ.1/17-02-2021) ബജറ്റ് വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| 15618845 | 229623830 | 245242675 | 242632740 | 2609935 |

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2021 | 19-05-2021 | ----- | |

### 1-2-1 വാർഷിക കണക്ക് അപാകതകൾ

1) സമഗ്ര നെൽകൃഷി വികസനം എന്ന പ്രോജക്ടിൽ ലഭ്യമായ ഗുണഭോക്തൃവിഹിതം 100800/- രൂപ കൃഷി ഓഫീസറുടെ ചെലവ് പത്രികയിൽ ചെലവായി രേഖപ്പെടുത്തിയിട്ടില്ല.

2) MNREGS അഡ്മിനിസ്ട്രേഷൻ ചെലവുകൾ ശരിയായ ഹെഡിൽ രേഖപ്പെടുത്തിയിട്ടില്ല. വാർഷിക കണക്കിൽ (RP-16) 2382362/- രൂപയാണ് ചെലവ് രേഖപ്പെടുത്തിയിട്ടുള്ളത്. MNREGS ക്യാഷ് ബുക്ക് പ്രകാരം യഥാർത്ഥ അഡ്മിനിസ്ട്രേഷന് ചെലവ് 4062536/- രൂപയാണ്.

3) ലൈഫ് ഭവന പദ്ധതി സംസ്ഥാന വിഹിതം 100000/- രൂപ ലഭിച്ചത് Grant Fund & Contribution Specific Purposes-Other Than Development Fund എന്ന ശീർഷകത്തിൽ വരവ് വെക്കുന്നതിന് പകരം Secured Loans From State Govt. എന്ന ശീർഷകത്തിൽ ആണ് വരവ് വെച്ചിരിക്കുന്നത്.

4) ഐ.സി.ഡി.എസ് കേന്ദ്രവിഹിതം തൻവർഷം വരവ് 804414/-രൂപയാണ്, മുന്നിരിപ്പ് ഇല്ല. എന്നാൽ നിർവ്വഹണ ഉദ്യോഗസ്ഥരുടെ ചെലവ് പത്രിക പ്രകാരം തൻവർഷം 1307098/- രൂപ ചെലവഴിച്ചതായി കാണുന്നു.

5) സംയുക്ത പ്രോജക്ടുകളുടെ വരവ്,കുടിശ്ശിക എന്നിവ വാർഷിക പത്രികയിലെ RP 31 പ്രകാരവും ബാലൻസ് ഷീറ്റിലെ B4 ഷെഡ്യൂൾ പ്രകാരവും ഉള്ള കണക്കുകൾ യഥാർത്ഥ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.
6) വാർഷിക കണക്കുകൾ പ്രകാരം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന ലോൺ തുക യഥാർഥ്ഥ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

### 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 56514953.78 |
| വരവ് | 97093392 |
| ആകെ | 153608345.78 |
| | |

| | |
|---|---|
| ചെലവ് | 118140630 |
| നീക്കിയിരിപ്പ് | 35467715.78 |

**1-4 ഫണ്ട് വിനിയോഗം**

| ഫണ്ടിനം | മുന്നിരിപ്പ് | വരവ്/ അലോട്ട്മെന്റ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 12280012 | 12280012 | 10163806 | 2116206 |
| വികസന ഫണ്ട്- എസ്.സി.പി (ACR പ്രകാരം) | 0 | 12985235 | 12985235 | 12934279 | 50956 |
| മെയിന്റനൻസ് ഗ്രാന്റ് റോഡ് (ACR പ്രകാരം) | 0 | 16169000 | 16169000 | 16163536 | 5464 |
| മെയിന്റനൻസ് ഗ്രാന്റ് നോൺ-റോഡ് (ACR പ്രകാരം) | 0 | 4604947 | 4604947 | 4437833 | 167114 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്- (Tied Fund) | 0 | 6410000 | 6410000 | 2173993 | 4236007 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്- (Untied Fund) | 0 | 11294195 | 11294195 | 9120601 | 2173594 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | | | | | |
| TSC | 912360 | 3287211 | 4199571 | 948360 | 3251211 |
| സോളിഡ് വേസ്റ്റ് മാനേജ് മെന്റ് | 1200000 | | | | 1200000 |
| ICDS | 0 | 804414 | 804414 | 804414 | 0 |

| MGNREGS | 795018 | 28828311 | 29623329 | 29569789 | 53540 |
|---|---|---|---|---|---|

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | പദ്ധതി അടങ്കൽ | നടപ്പാക്കിയത് | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രോജക്റ്റുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 340 | 208895119 | 259 | 91973825 | 0 | 81 | 76 |

**നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നടത്തിപ്പ് വിശദാംശങ്ങൾ**

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 7 | 7 | 5215081 | 4871133 | 93 |
| വെറ്ററിനറി സർജ്ജൻ | 8 | 7 | 5549450 | 1522640 | 27 |
| മെഡിക്കൽ ഓഫീസർ-PHC | 6 | 5 | 2299313 | 1337296 | 58 |
| മെഡിക്കൽ ഓഫീസർ-ഹോമിയോ | 1 | 1 | 500000 | 500000 | 100 |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | 1 | 1 | 1200000 | 1200000 | 100 |
| സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 2 | 0 | 1920000 | 0 | 0 |
| വി.ഇ.ഒ | 16 | 13 | 70895385 | 16658753 | 23 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 8 | 5 | 7325111 | 4174439 | 57 |
| സെക്രട്ടറി | 51 | 30 | 22962677 | 5350447 | 23 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 224 | 180 | 84058532 | 52844403 | 63 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 2 | 2 | 2337453 | 1337453 | 57 |
| ഹെഡ് മിസ്ട്രസ് | 12 | 6 | 3820000 | 1620681 | 42 |
| അസി.സെക്രട്ടറി | 2 | 2 | 812117 | 556580 | 69 |
| ആകെ | 340 | 259 | 208895119 | 91973825 | 44 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| ഭരണചെലവുകൾ | 795018 | 3321058 | 4116076 | 4062536 | 53540 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 25507253 | 25507253 | 25507253 | 0 |
| ആകെ | 795018 | 28828311 | 29623329 | 29569789 | 53540 |

* അഡ്മിനിസ്ട്രേഷൻ ചെലവുകൾ ശരിയായ ഹെഡിൽ രേഖപ്പെടുത്തിയിട്ടില്ല. വാർഷിക കണക്കിൽ 2382362/- രൂപയാണ് രേഖപ്പെടുത്തിയിട്ടുള്ളത്. MNREGS ക്യാഷ് ബുക്ക് പ്രകാരം യഥാർത്ഥ ചെലവ് 4062536/- രൂപയാണ്.

## 1-7 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 04/10/2021 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 17635/-രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 720 | 1 |
| കർഷകതൊഴിലാളി പെൻഷൻ | 9361400 | 626 |
| വിധവാപെൻഷൻ | 19775900 | 1327 |
| വാർദ്ധക്യകാല പെൻഷൻ | 39227800 | 2802 |
| വികലാംഗപെൻഷൻ | 5990700 | 390 |
| 50 വയസ്സിന് മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 4473200 | 304 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 750000 | 25 |

## 1-9 ആഭ്യന്തരനിയന്ത്രണം

1. ഗ്രാമ പഞ്ചായത്ത് പൗരാവകാശ രേഖ കാലികമായി പരിഷ്കരിച്ച് പ്രസിദ്ധീകരിച്ചിട്ടില്ല.

2. ആസ്തി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും പഞ്ചായത്തിന്റെ എല്ലാ ആസ്തികളും അതിൽ ഉണ്ടെന്ന് ഉറപ്പുവരുത്തിയിട്ടില്ല. കൂടാതെ പുതുതായി സൃഷ്ടിക്കപ്പെടുന്ന ആസ്തികൾ അതിന്റെ യഥാർത്ഥ മൂല്യത്തോടെയും, ചട്ടത്തിൽ നിഷ്കർഷിക്കുന്ന ഡിപ്രീസിയേഷൻ നൽകിയും ചേർത്തിട്ടുണ്ടെന്ന് ഉറപ്പുവരുത്തിയിട്ടില്ല.

3. സ്റ്റോക്ക് രജിസ്റ്ററിൽ സാധനങ്ങളുടെ മൂല്യം രേഖപ്പെടുത്തി സെക്രട്ടറി ഒപ്പു വെച്ച് ആധികാരികമാക്കുന്നില്ല.

4. നിർവ്വഹണോദ്യോഗസ്ഥരിൽ പലരും പ്രോജക്ട് ഫയലുകൾ ശരിയായ രീതിയിൽ സൂക്ഷിക്കുന്നില്ല. പല പ്രോജക്ട് ഫയലുകളിലും അവശ്യം വേണ്ട സാക്ഷ്യപത്രങ്ങൾ സൂക്ഷിച്ചിട്ടില്ല. ഗുണഭോക്താക്കളുമായുള്ള കരാറിന് പകരം വെറും ഒപ്പിട്ട മുദ്രപത്രങ്ങൾ മാത്രമാണ് കാണുന്നത്.

5. ഓഫീസ് തീരുമാനങ്ങൾ നടപ്പിലാക്കുന്നുണ്ടോ എന്ന് മേലുദ്യോഗസ്ഥരും, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും പരിശോധിച്ച് ഉറപ്പു വരുത്തുന്നില്ല.

6. ഫ്രണ്ട് ഓഫീസ് ഡയറി, പരാതി രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നുണ്ടെങ്കിലും, ഫ്രണ്ട് ഓഫീസിൽ ഹെൽപ്പ് ഡസ്ക് സംവിധാനം ഒരുക്കിയിട്ടില്ല.

10.ഗ്രാമ പഞ്ചായത്ത് ഭരണ സമിതിയുടേയും വിവിധ സ്റ്റാന്റിംഗ് കമ്മിറ്റകൾ, ഗ്രാമ സഭകൾ എന്നിവയുടെയും യോഗങ്ങൾ നിയമത്തിലും, ചട്ടങ്ങളിലും വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരം കൂടുന്നുണ്ടെങ്കിലും, സ്ഥാപനത്തിന്റെ വരവ് ചെലവ് കണക്കുകൾ, പദ്ധതിച്ചെലവുകൾ, ദൈനംദിന പ്രവർത്തനങ്ങൾ എന്നിവയുടെ വിലയിരുത്തൽ നടത്തുന്നില്ല. യോഗത്തിന്റെ മിനിറ്റ്സുകൾ, ഗ്രാമസഭ മിനിറ്റ്സുകൾ എന്നിവ ഒരുവിധം ഭംഗിയായി എഴുതി സൂക്ഷിക്കുന്നുണ്ട്. (ഗ്രാമസഭ മിനിറ്റ്സ് ബുക്കുകൾ പലതിലും വാർഡ് മെമ്പർ, ഗ്രാമസഭ കോ ഓർഡിനേറ്റർ എന്നിവർ ഒപ്പിട്ട് ക്ളോസ് ചെയ്യുന്നില്ല). എന്നാൽ ഗ്രാമസഭയിൽ ചർച്ച ചെയ്ത പല വിഷയങ്ങളെ സംബന്ധിച്ചും പാസ്സാക്കിയ പല പ്രമേയങ്ങളും പഞ്ചായത്ത് കമ്മിറ്റി ചർച്ച ചെയ്തതായി കാണുന്നില്ല. വർക്കിംങ് ഗ്രൂപ്പുകൾ ഒന്നിച്ച് വർഷത്തിൽ ഒരു യോഗം മാത്രമാണ് ചേർന്നിട്ടുള്ളത്. പദ്ധതി മോണിറ്ററിംങ് നടന്നതിന്റെ രേഖകൾ ലഭ്യമല്ല.

11.എസ്.സി.പി മേഖലയിൽ പദ്ധതി നിർവ്വഹണം കാര്യക്ഷമമാക്കുന്നതിന് അടിസ്ഥാന വിവരങ്ങൾ ശേഖരിക്കുന്നതിനും നിരീക്ഷണ കമ്മറ്റികൾ രൂപീകരിക്കുന്നതിനും നടപടിയില്ല.

ആഭ്യന്തര നിയന്ത്രണ സംവിധാനങ്ങൾ ശക്തപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ പഞ്ചായത്ത് കമ്മിറ്റിയും വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളും കൈക്കൊള്ളേണ്ടതാണ്.

**1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം**

| ക്രമ നം | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയ്യതി | ഗുരുതരമായ ഓഡിറ്റ് പരാമർശങ്ങൾ |
|---|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 9/9/2021 | 07 & 08/2021 | 9/9/2021 | ഇല്ല |
| 2 | അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 22-9-2006 To 6-10-2006 | 1997-98 മുതൽ 2005-06 വരെ | 15-11-2006 | ഇല്ല |

## 1-11 മൊബൈൽ ടവറുകളുടെ വസ്തുനികുതി - അനർമായ ഇളവുകൾ അനുവദിച്ചു

സഞ്ചയ സോഫ്റ്റ്‌വെയറിലെ വിവരങ്ങൾ പ്രകാരം ഗ്രാമ പഞ്ചായത്ത് പരിധിയിൽ 9 മൊബൈൽ ടവറുകൾ പ്രവർത്തിക്കുന്നുണ്ട്. ഇവയിൽ 8 എണ്ണത്തിന്റെ വാർഷിക വസ്തു നികുതി നിർണ്ണയം, പിരിവ് എന്നിവ സംബന്ധിച്ച നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | വാർഡ് നമ്പർ/ കെട്ടിട നമ്പർ | ഉടമസ്ഥന്റെ പേരും വിലാസവും | വാർഷിക വസ്തു നികുതി | ഓഡിറ്റ് നിരീക്ഷണം |
|---|---|---|---|---|
| 1 | 05/506 | ഇൻഡസ് ടവർ ലിമിറ്റഡ്, 2nd ഫ്ലോർ, എസ്.എൽ. അവന്യൂ, കൊച്ചിൻ, മനിശ്ശേരി | 7000+ 350.00 ( ലൈബ്രറി സെസ്സ്) | കുറഞ്ഞതരം മേൽക്കൂര എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തി 10% അടിസ്ഥാന വസ്തു നികുതിയിൽ ഇളവ് അനുവദിച്ചുമൂലം ഗ്രാമ പഞ്ചായത്തിന് 2013-14 മുതൽ പ്രതി വർഷം 1050 രൂപ (1000 +50 ലൈബ്രറി സെസ്സ്) നഷ്ടം ഉണ്ടാകുന്നുണ്ട്. ഈ ടവറിന്റെ വിസ്തീർണ്ണം ഭൗതിക പരിശോധന നടത്തി പുനർനിർണ്ണയിക്കേണ്ടതും , തെറ്റായി വസ്തു നികുതി നിർണ്ണയിച്ചതു മൂലമുണ്ടായ നഷ്ടം ഈടാക്കേണ്ടതുമാണ്. |
| 2 | 5/767 | ഇൻഡസ് ടവർ ലിമിറ്റഡ്, 8th ഫ്ളോർ, വാക്കരാത്ത് ടവർ, പാലാരിവട്ടം, | 6300.00 +315.00 (LC) | ടവറിന്റെ വിസ്തീർണ്ണം സംബന്ധിച്ച് അസിസ്റ്റന്റ് എഞ്ചിനിയറുടെ ഭൗതിക പരിശോധന റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്. |
| 3 | 9/370 | ബി എസ് എൻ എൽ, വലിയപറമ്പ് കടവ് റോഡ്, ചോറോട്ടൂർ, ചോറോട്ടൂർ,679521 | 10000 + 500.00 (LC) | 2013-14 മുതൽ 2020-21 വർഷം വരെ രൂ.94500.00 (90000.00+ 4500.00 LC) കുടിശ്ശികയുണ്ട്. കുടിശ്ശിക ഈടാക്കുന്നതിന് റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിലും കുടിശ്ശിക ഈടാക്കുവാൻ കഴിഞ്ഞിട്ടില്ല. റവന്യൂ റിക്കവറി നടപടികൾ |

| | | | | |
|---|---|---|---|---|
| | | | | ഊർജ്ജിതപ്പെടുത്തേണ്ടതും, ടവറിന്റെ വിസ്തീർണ്ണം സംബന്ധിച്ച് അസിസ്റ്റന്റ് എഞ്ചിനിയറുടെ ഭൗതിക പരിശോധന റിപ്പോർട്ട് ലഭ്യമാക്കേണ്ടതുമാണ് |
| 4 | 9/686 | ഇൻഡസ് ടവർ ലിമിറ്റഡ്, 8th ഫ്ളോർ, വാക്കരാത്ത് ടവർ, പാലാരിവട്ടം, | 8100.00+ 405.00 (LC) | ടവറിന്റെ വിസ്തീർണ്ണം സംബന്ധിച്ച് അസിസ്റ്റന്റ് എഞ്ചിനിയറുടെ ഭൗതിക പരിശോധന റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ് |
| 5 | 10/354 | ബി എസ് എൻ എൽ, തൃക്കങ്ങോട് ചോറോട്ടൂർ റോഡ്, ചോറോട്ടൂർ, 679521 | 4000.00 + 200.00 (LC) | 2013-14 മുതൽ 2020-21 വർഷം വരെ രൂ.37800.00 (36000.00+ 1800.00 LC) കുടിശ്ശികയുണ്ട്. കുടിശ്ശിക ഈടാക്കുന്നതിന് റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിലും കുടിശ്ശിക ഈടാക്കുവാൻ കഴിഞ്ഞിട്ടില്ല. റവന്യൂ റിക്കവറി നടപടികൾ ഊർജ്ജിതപ്പെടുത്തേണ്ടതും, ടവറിന്റെ വിസ്തീർണ്ണം സംബന്ധിച്ച് അസിസ്റ്റന്റ് എഞ്ചിനിയറുടെ ഭൗതിക പരിശോധന റിപ്പോർട്ട് ലഭ്യമാക്കേണ്ടതുമാണ്. |
| 6 | 10/357 | എയർടെൽ, ചോറോട്ടൂർ, | 4500.00 + 225.00 (LC) | ടവറിന്റെ വിസ്തീർണ്ണം സംബന്ധിച്ച് അസിസ്റ്റന്റ് എഞ്ചിനിയറുടെ ഭൗതിക പരിശോധന റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ് |
| 7 | 13/503 | ഐഡിയ കമ്യൂണിക്കേഷൻസ് ലിമിറ്റഡ്, അരിക്കത്ത് മനപ്പടി കോളനി റോഡ്, മാന്നന്നൂർ, | 7000+ 350.00 (LC) | കുറഞ്ഞതരം മേൽക്കൂര എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തി 10% അടിസ്ഥാന വസ്തു നികുതിയിൽ ഇളവ് അനുവദിച്ചതുമൂലം ഗ്രാമ പഞ്ചായത്തിന് 2013-14 മുതൽ പ്രതി വർഷം 1050 രൂപ (1000 +50 ലൈബ്രറി സെസ്സ്) നഷ്ടം ഉണ്ടാകുന്നുണ്ട്. ഈ |

| | | | | |
|---|---|---|---|---|
| | | | | ടവറിന്റെ വിസ്തീർണ്ണം ഭൗതിക പരിശോധന നടത്തി പുനർനിർണ്ണയിക്കേണ്ടതും , തെറ്റായി വസ്തു നികുതി നിർണ്ണയിച്ചതു മൂലമുണ്ടായ നഷ്ടം ഈടാക്കേണ്ടതുമാണ്. |
| 8 | 18/73 | ഇൻഡസ് ടവർ ലിമിറ്റഡ്, 8th ഫ്ളോർ, വാക്കരാത്ത് ടവർ, പാലാരിവട്ടം | 6000.00 + 300.00 (LC) | മേഖല, വഴി സൗകര്യം, കാലപ്പഴക്കം എന്നീ ഇനങ്ങളിലായി 40% ഇളവ് അനുവദിച്ചിട്ടുണ്ട്. വിസ്തീർണ്ണം, ഇളവുകൾ എന്നിവ സംബന്ധിച്ച് അസിസ്റ്റന്റ് എഞ്ചിനിയറുടെ ഭൗതിക പരിശോധന റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്. |

മൊബൈൽ ടവറുകളുടെ വസ്തുനികുതിയുമായി ബന്ധപ്പെട്ട അപാകങ്ങൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-12 തൊഴിൽ നികുതി-'വിമുക്തഭടന്മാർക്ക്' ഇളവ് -രൂ.15940.00 രൂപ നഷ്ടം

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, 1996 ലെ കേരള തൊഴിൽ നികുതി ചട്ടങ്ങൾ എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വിമുക്തഭടന്മാർ തൊഴിൽ നികുതി അടവാക്കുവാൻ ബാധ്യസ്ഥരാണ്. കൂടാതെ തദ്ദേശ സ്വയ ഭരണ സെക്രട്ടറിയുടെ 15.10.2010 ലെ 34134/എഫ്.എം.1/2007 നമ്പർ കത്ത് പ്രകാരം വിമുക്തഭടന്മാരെ തൊഴിൽ നികുതി അടവാക്കുന്നതിൽ നിന്നും ഒഴിവാക്കുവാൻ കഴിയില്ലെന്ന് സ്പഷ്ടീകരണം നൽകിയിട്ടുമുണ്ട്. 2020-21 വർഷം പി.കെ. ദാസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസിലെ ജീവനക്കാരുടെയും ഡോക്ടർമാരുടെയും തൊഴിൽ നികുതി പത്രികകളിൽ 'വിമുക്തഭടൻ' എന്ന രേഖപ്പെടുത്തി നികുതി അടവാക്കാത്തതുമൂലം ഗ്രാമ പഞ്ചായത്തിന് 2020-21 ഒന്നാം അർധ വർഷം 8820/- രൂപയും 2020-21 രണ്ടാം അർധ വർഷം 7120/- രൂപയും നഷ്ടം (ആകെ 15940) ഉണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ ഖണ്ഡിക 2-1 ആയി ചേർത്തിട്ടുണ്ട്.

## 1-13 തൊഴിൽ നികുതി പത്രികകൾ -മതിയായ പരിശോധനകൾ നടത്തണം

പി.കെ. ദാസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസിലെ 2020-21 ഒന്ന്, രണ്ട് അർദ്ധ വർഷങ്ങളിലെ തൊഴിൽ നികുതി വരവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകതകൾ ഉണ്ടായിട്ടുണ്ട്.

1) 2020-21 ഒന്ന്, രണ്ട് അർദ്ധ വർഷങ്ങളിലെ തൊഴിൽ നികുതി പത്രികകളിൽ താഴെ പറയുന്ന ജീവനക്കാർ ഭിന്നശേഷി വിഭാഗത്തിൽ ഉൾപ്പെട്ടവരാണെന്ന് രേഖപ്പെടുത്തി തൊഴിൽ നികുതി ഒടുക്കിയിട്ടില്ല.

| ക്രമ നം | പേര് | തസ്തിക |
|---|---|---|
| 1 | രാജൻ. സി | ഡ്രൈവർ |

| | | |
|---|---|---|
| 2 | ലിജു. കെ.എൽ | ഓഫീസ് അസിസ്റ്റന്റ് |
| 3 | ഡോ. ചേതൻ ജി | അസോ.പ്രൊഫസർ |
| 4 | ഡോ. മുഹമ്മദ് ഇസ്മയിൽ | അസോ.പ്രൊഫസർ |
| 5 | ഡോ. സച്ചിൻ കുമാർ പാട്ടിൽ | അസോ.പ്രൊഫസർ |

മേൽ ജീവനക്കാർക്ക് മെഡിക്കൽ ബോർഡിൽ നിന്നും അനുവദിച്ച ഭിന്നശേഷി സർട്ടിഫിക്കറ്റിന്റെ പകർപ്പ് തൊഴിൽ നികുതി പത്രികകളൊടൊപ്പം ലഭ്യമാക്കിയിട്ടില്ല. ആയതിന്റെ പകർപ്പ് പരിശോധനക്ക് ഹാജരാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണം 22/29.10.2021 ന് ഭിന്നശേഷി സർട്ടിഫിക്കറ്റിന്റെ പകർപ്പ് സ്ഥാപനത്തിൽ നിന്നും ലഭ്യമാക്കി ഹാജരാക്കാമെന്ന് അറിയിച്ചിട്ടുണ്ട്.

2) സ്ഥാപനത്തിലെ ഹൗസ് കീപ്പിങ്ങ് വിഭാഗം, സെക്യൂരിറ്റി വിഭാഗം മുതലായവയിലെ ഒരു ജീവനക്കാരന്റെ പോലും തൊഴിൽ നികുതി 2020-21 ഒന്ന്, രണ്ട് അർദ്ധ വർഷങ്ങളിൽ ഒടുക്കിയിട്ടില്ല. 1996 ലെ കേരള തൊഴിൽ നികുതി ചട്ടങ്ങൾ 13, 14 എന്നിവ പ്രകാരം ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് ജോലി ചെയ്യുന്ന എല്ലാ ജീവനക്കാരുടെയും പട്ടിക ആവശ്യപ്പെടേണ്ടതും , ബാധകമായ തൊഴിൽ നികുതി ഈടാക്കേണ്ടതുമാണ്. ഹൗസ് കീപ്പിങ്ങ് വിഭാഗം, സെക്യൂരിറ്റി വിഭാഗം മുതലായവയുൾപ്പെടെ സ്ഥാപനത്തിൽ പുറം സേവന കരാർ പ്രകാരം ജോലി ചെയ്യുന്ന ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതാണ്.

5) എസ്.ആർ.ഒ നം.245/2018 & സർക്കാർ ഉത്തരവ് (പി) നം.33/2018/തൊഴിൽ തീയതി 23.4.2018 പ്രകാരം സംസ്ഥാനത്തെ സ്വകാര്യ ആശുപത്രി ജീവനക്കാരുടെ കുറഞ്ഞ വേതന നിരക്കുകൾ 2017 ഒക്ടോബർ 1 പ്രാബല്യത്തിൽ നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ സ്ഥാപനം സമർപ്പിച്ചിരിക്കുന്ന തൊഴിൽ നികുതി പത്രികകളിൽ ഭൂരിഭാഗം ജീവനക്കാരുടെയും വേതന നിരക്കുകൾ ഈ ഉത്തരവിന് അനുസൃതമല്ല. 1996 ലെ കേരള തൊഴിൽ നികുതി ചട്ടങ്ങൾ 14,16 എന്നിവയനുസരിച്ചുള്ള ഫോം നം.2 വിൽ മതിയായ വിവരങ്ങൾ ഉൾക്കൊള്ളിച്ച് കൊണ്ടുള്ള തൊഴിൽ നികുതി റിട്ടേണുകൾ സ്വീകരിക്കേണ്ടതാണ്.

**ഓഡിറ്റ് നിർദ്ദേശം**

തൊഴിൽ നികുതി റിട്ടേണുകൾ 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് (1994-ലെ 13) 204-ഉം, 205-ഉം 254-ഉം വകുപ്പുകൾ, 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ, 1948 ലെ മിനിമം വേജസ് ആക്ട്, എസ്.ആർ.ഒ നം.245/2018 & സർക്കാർ ഉത്തരവ് (പി) നം.33/2018/തൊഴിൽ തീയതി 23.4.2018, 1995 ലെ THE PERSONS WITH DISABILITIES (EQUAL OPPORTUNITIES, PROTECTION OF RIGHTS AND FULL PARTICIPATION), അനുബന്ധ ഉത്തരവുകളും സർക്കുലറുകളും, എന്നിവയിലെ വ്യവസ്ഥകൾക്കും, നിർദ്ദേശങ്ങൾക്കും അനുസൃതമാണോയെന്ന് പരിശോധന നടത്തി സ്വീകരിക്കേണ്ടതാണ്.

**1-14 ഇ-ടെണ്ടർ ഫോറം വില ഇനത്തിൽ ലഭിച്ച തുക പഞ്ചായത്തിന്റെ തനതുഫണ്ടിൽ നിക്ഷേപിച്ചിട്ടില്ല**

വിവിധ വർഷങ്ങളിലായി പഞ്ചായത്തിൽ നിന്നും ഇ-ടെണ്ടർ നടത്തിയ വകയിൽ പഞ്ചായത്തിനു ലഭിക്കേണ്ട ടെണ്ടർ ഫോറം വില അതാത് പഞ്ചായത്തുകൾക്ക് ലഭിക്കേണ്ടതിനുപകരം ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലാണ് നിക്ഷേപിച്ചുവന്നിരുന്നത്. ഇക്കാര്യം ജില്ലാ പഞ്ചായത്തിന്റെ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചതിനെ തുടർന്ന് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും അസി.എഞ്ചിനീയറുടെ -SBI വാണിയംകുളം ബ്രാഞ്ചിൽ 30329437309 എന്ന അക്കൗണ്ടിൽ നിക്ഷേപിക്കുകയും 1943771/-രൂപ നീക്കിയിരിപ്പായി അവശേഷിക്കുകയും ചെയ്യുന്നുണ്ട്.

ഈ തുക ഗ്രാമ പഞ്ചായത്തിന്റെ തനതു ഫണ്ടിൽ നാളിതുവരെ നിക്ഷേപിച്ചിട്ടില്ല. ആയത് ഗ്രാമ പഞ്ചായത്തിന്റെ അക്കൗണ്ടിൽ നിക്ഷേപിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**1-15 തുല്യത പഠന പ്രൊജക്ടുകൾ- വിശദാംശങ്ങൾ ലഭ്യമാക്കണം**

**പ്രൊജക്ട് നമ്പർ - 290/21 – തുല്യത തുടർ വിദ്യാഭ്യാസ പരിപാടി**

അടങ്കൽ -രൂ.200000/-തനത് ഫണ്ട് )

ചെലവ്-രൂ.134200 /- ( പത്താം തരം തുല്യത രൂ.36600.00 + ഹയർ സെക്കണ്ടറി തുല്യത രൂ.97600.00 )

( ചെക്ക് നം.26853/തീ.- 26.3.21 )

നിർവഹണം-ഹെഡ്മിസ്ട്രസ്സ്, ജി വി എച്ച് എസ് എസ്, കുനത്തറ

2020-21 വർഷം നടപ്പാക്കിയ മേൽ പ്രൊജക്ട് പ്രകാരം പത്താം തരം തുല്യത പരീക്ഷക്ക് 21 പഠിതാക്കൾക്കായി 36600.00 രൂപയും , പ്ലസ് വൺ തുല്യത പരീക്ഷക്ക് 20 പഠിതാക്കൾക്കായി 47000.00 രൂപയും, പ്ലസ് ടു തുല്യത പരീക്ഷക്ക് 23 പഠിതാക്കൾക്കും വേണ്ടി 50600.00 രൂപയും കേരളാ സംസ്ഥാന സാക്ഷരതാ മിഷന് നൽകിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് താഴെ പറയുന്ന രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

എ) തുല്യതാ പഠനഫീസ് അനുവദിച്ച ഗുണഭോക്താക്കൾ പരീക്ഷക്ക് ഹാജരായതിന്റെ രേഖകൾ (ഹാൾടിക്കറ്റ് , മാർക്ക് ലിസ്റ്റ് മുതലായവ) .

ബി) ഗുണഭോക്താക്കൾ ഭിന്നശേഷി വിഭാഗത്തിൽ ഉൾപ്പെടുന്നവരാണെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ

സി) കേരളാ സംസ്ഥാന സാക്ഷരതാ മിഷനിൽ നിന്നുള്ള കൈപ്പറ്റ് രശീതി

ഡി) മോണിറ്ററിംഗ് റിപ്പോർട്ട്

ഓഡിറ്റിന് ഹാജരാക്കുന്ന ഫയലുകളിൽ മതിയായ രേഖകളും വിവരങ്ങളും ഉൾക്കൊള്ളിക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നം.5/7.10.21)

**1-16 തുടർ വിദ്യാകേന്ദ്രങ്ങൾക്ക് പ്രിന്റർ, യു.പി.എസ് - ഉപകരണങ്ങൾ ലഭിച്ചിട്ടില്ല-രൂ.50492.00 തടസ്സപ്പെടുത്തുന്നു.**

**പ്രൊജക്ട് നമ്പർ - 291/21 – തുടർ വിദ്യാ കേന്ദ്രങ്ങളിൽ കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ**

അടങ്കൽ -രൂ.100000/-(തനത് ഫണ്ട് )

ചെലവ്-രൂ.85381/-

| ചെക്ക് നം &തീ | തുക |
|---|---|
| 1548384/ 5.8.20 | 2599.00 |
| 1548385/ 5.8.20 | 43179.00 |
| 1548385/5.8.20 | 39603.00 |

നിർവഹണം-ഹെഡ്മിസ്ട്രസ്സ് , ജി വി എച്ച് എസ് എസ്, കുനത്തറ

2020-21 വർഷം നടപ്പാക്കിയ മേൽ പ്രൊജക്ട് പ്രകാരം തുടർ വിദ്യാ കേന്ദ്രത്തിലേക്ക് Centralised Procurement And Rate Contract System (CPRCS) മുഖേന കമ്പ്യൂട്ടർ , പ്രിന്റർ, യു.പി.എസ് എന്നിവ വാങ്ങുന്നതിനായി കെൽട്രോണിന് 85381/-രൂപ നൽകിയിട്ടുണ്ട്. ഈ പ്രൊജക്ടിന്റെ നടത്തിപ്പുമായി താഴെ പറയുന്ന അപാകതകൾ ഉണ്ടായിട്ടുണ്ട്.

1) കെൽട്രോണിന്റെ ഇൻവോയ്സ് നം. ITP/10150/20 തീ 19.2.21 പ്രകാരം 34889/- രൂപ വിലയുള്ള ഡെസ്ക് ടോപ്പ് കമ്പ്യൂട്ടർ ലഭ്യമായിട്ടുണ്ട്. സാക്ഷരതാ കേന്ദ്രത്തിൽ ഈ കമ്പ്യൂട്ടർ സ്ഥാപിച്ച്, ചുമതല പ്രേരകിന് ഓഡിറ്റ് തീയതി വരെ കൈമാറി നൽകിയിട്ടില്ല.

2) പ്രിന്റർ, യു.പി.എസ് എന്നിവ ലഭ്യമാക്കാത്തതിനാൽ ആയവക്ക് നൽകിയ തുക 50492/-രൂ. ( 85381-34889) ഓഡിറ്റ് തീയതി വരെ തിരികെ ലഭ്യമായിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (6/7.10.21) ന് നൽകിയ മറുപടിയിൽ 28.01.2021 ന് CPRCS അധികൃതർക്ക് ഇമെയിൽ മുഖേന അയച്ച കത്തിൽ തുക തിരിച്ചുനൽകുവാൻ ആവശ്യപ്പെട്ടതായി നിർവ്വഹണോദ്യഗസ്ഥ അറിയിച്ചിട്ടുണ്ട്. എന്നാൽ ഓഡിറ്റ് തീയതി വരെ തുക തിരികെ ലഭിച്ചിട്ടില്ല.

സർക്കാർ ഉത്തരവ് (സാധാ) നം.2076/2021/തസ്വഭവ തീയതി 23.10.21 പ്രകാരം സി.പി.ആർ.സി.എസ് പോർട്ടൽ മുഖേന ഉപകരണങ്ങൾ ലഭിക്കാൻ ഒരു മാസത്തിൽ കൂടതൽ കാലതാമസം ഉണ്ടായാൽ ഡെപ്പോസിറ്റ് ചെയ്ത് തുക തിരികെ വാങ്ങുന്നതിന് നിർദേശിച്ചിട്ടുണ്ട്. കൂടാതെ Http://Cprcs.Kerala.Gov.In വെബ്സൈറ്റിൽ ഓൺലൈനായി റീഫണ്ട് റിക്വസ്റ്റ് നടത്തുവാൻ സൗകര്യം ഏർപ്പെടുത്തിയിട്ടുമുണ്ട്. ഈ സൗകര്യം ഉപയോഗപ്പെടുത്തി തുക തിരികെ ലഭ്യമാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കേണ്ടതാണ്.

CPRCS ൽ നിന്നും തുക തിരികെ ലഭ്യമാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കുന്നതു വരെ 50492/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-17 സമഗ്ര നെൽകൃഷി വികസനം-ഗുണഭോക്തൃവിഹിതം നൽകിയത് ചെലവു പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

2020-21 സാമ്പത്തിക വർഷത്തിൽ കൃഷി ഓഫീസർ നടപ്പിലാക്കിയ സമഗ്ര നെൽകൃഷി വികസനം എന്ന പ്രൊജക്ടിന്റെ ഭാഗമായി ഗുണഭോക്തൃവിഹിതം പ്രൊജക്ടിൽ ഉൾപ്പെടുത്തുകയും പിരിച്ചെടുക്കുകയും ചെയ്തിട്ടുണ്ട്. പ്രൊജക്ടിന്റെ വിഭവസ്രോതസ് കണക്കാക്കിയതിൽ നെൽവിത്തിന്റെ ഗുണഭോക്തൃവിഹിതം ഗ്രാമപഞ്ചായത്തിൽ അടവാക്കുന്നതായാണ് വിഭാവനം ചെയ്തിരിക്കുന്നത്. കൃഷി ഓഫീസർ ഗ്രാമപഞ്ചായത്തിന്റെ രസീതി മുഖേന (Form No. XXXIII) പിരിച്ച് (ബുക്ക് നം.14001) മുഖേന ഗുണഭോക്തൃവിഹിതം പിരിച്ചെടുക്കുകയും ആയത് ഗ്രാമപഞ്ചായത്തിൽ അടവാക്കുകയും പിന്നീട് നിർവ്വഹണ ഉദ്യോഗസ്ഥന്റെ റിക്വിസിഷൻ പ്രകാരം ചെക്ക് മുഖാന്തിരം വിത്ത് വിതരണം ചെയ്ത സ്ഥാപനങ്ങളുടെ അക്കൗണ്ടിലേക്ക് ഒടുക്കുകയുമാണ് ചെയ്തിട്ടുള്ളത്. എന്നാൽ പദ്ധതിയുടെ ചെലവു പത്രികയിൽ ഗുണഭോക്തൃവിഹിതം ചെലവഴിച്ചതായി രേഖപെടുത്തിയിട്ടില്ല. തൻമൂലം പദ്ധതിയുടെ യഥാർത്ഥ ചെലവ്, വരവ് ചെലവ് പത്രികയിൽ പ്രതിഫലിക്കുന്നില്ല.

സുലേഖ ചെലവ് പത്രിക പ്രകാരമുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| | |
|---|---|
| പ്രോജക്ട് | നെൽകൃഷി വികസനം<br>31/2021) |
| അടങ്കൽ | 904620 -വികസന ഫണ്ട് |
| | 617582 ബ്ലോക്ക് പഞ്ചായത്ത് |
| | 617583 ജില്ലാ പഞ്ചായത്ത് |
| | 100800 ഗുണഭോക്തൃ വിഹിതം |
| | 1863380 തനതു ഫണ്ട് |
| | ആകെ 4103965 |
| ചെലവ് | 904620 വികസന ഫണ്ട് |
| | 617582 ബ്ലോക്ക് പഞ്ചായത്ത് |
| | |

| | |
|---|---|
| | 617583 ജില്ലാ പഞ്ചായത്ത് |
| | 0 ഗുണഭോക്തൃ വിഹിതം |
| | 1857650 തനതു ഫണ്ട് |
| നിർവ്വഹണം | കൃഷി ഓഫീസർ |

**രസീതി** മുഖേന ഗുണഭോക്തൃവിഹിതം പിരിച്ചെടുത്ത ഗുണഭോക്തൃവിഹിതത്തിന്റെ വിവരം താഴെ ചേർക്കുന്നു.

| രസീതി നം. | പിരിച്ചെടുത്ത ഗുണഭോക്തൃവിഹിതം |
|---|---|
| 14001/01 മുതൽ 14001/21 വരെ | 100800/- രൂപ |

ലഭ്യമായ ഗുണഭോക്തൃവിഹിതം ചെലവ് പത്രികയിൽ ചെലവായി രേഖപ്പെടുത്താത്തതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.07/08.10.2021) മറുപടി ലഭ്യമാക്കിയിട്ടില്ല. ഗുണഭോക്തൃവിഹിതം നൽകുന്നതിന്റെ സാംഖ്യ ബിൽ ജനറേറ്റ് ചെയ്യുമ്പോൾ നിർവ്വഹണ ഉദ്യോഗസ്ഥ ചെക്ക് നമ്പർ വെബ് സാംഖ്യയിൽ രേഖപ്പെടുത്താത്തതുമൂലമാണ് അപാകത സംഭവിച്ചത്.

**<u>ഓഡിറ്റ് നിർദ്ദേശങ്ങൾ</u>**

* പ്രോജക്ടുകളുമായി ബന്ധപ്പെട്ട എല്ലാ വരവ് ചെലവ് കണക്കുകളും നിർവ്വഹണ ഉദ്യോഗസ്ഥന്റെ ചെലവ് പത്രികയിലും, പഞ്ചായത്തിന്റെ വാർഷിക ധനകാര്യ പത്രികയിലും ഉൾപ്പെട്ടിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

* ഐ.കെ.എം ആയി ബന്ധപ്പെട്ട് പ്രസ്തുത ചെലവ് 2020-21 വർഷത്തെ ചെലവ് പത്രികയിൽ ഉൾപ്പെടുത്താൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

**<u>1-18 തരിശ് നെൽ കൃഷി- ഭൂമി കൃഷിക്കനുയോജ്യമാണെന്ന് സാക്ഷ്യപ്പെടുത്തിയിട്ടില്ല.</u>**

സുഭിക്ഷ കേരളം പദ്ധതി പ്രകാരം പുറപ്പെടുവിച്ച സബ്സിഡി മാനദണ്ഡം സ.ഉ(സാധാ)നം.1009/2020 ത.സ്വഭ.വ തീയതി 29.05.2020 പ്രകാരം തരിശു കൃഷിക്ക് അനുവദിക്കാവുന്ന പരമാവധി ധനസഹായം താഴെ പറയും പ്രകാരം നിശ്ചയിച്ചിട്ടുണ്ട്.

| ക്രമ നം. | ഇനം | നിരക്ക് (ഒരു ഹെക്ടറിന് അനുവദിക്കാവുന്ന പരമാവധി തുക) | | |
|---|---|---|---|---|
| | | കർഷകന് | ഉടമയ്ക്ക് | ആകെ |
| 1 | നെല്ല് | 35000 | 5000 | 40000 |
| 2 | പച്ചക്കറി | 37000 | 3000 | 40000 |
| 3 | വാഴ | 32000 | 3000 | 35000 |
| 4 | പയർ വർഗ്ഗങ്ങൾ | 27000 | 3000 | 30000 |
| 5 | കിഴങ്ങു വർഗ്ഗങ്ങൾ | 27000 | 3000 | 30000 |

പ്രസ്തുത മാർഗരേഖയിലെ ഖണ്ഡിക 2.2.1 പ്രകാരം 3 വർഷത്തിലധികമായി കാർഷിക പ്രവത്തികൾ ചെയ്തിട്ടില്ലാത്ത ഭൂമിയാണെന്നും കൃഷിക്ക് അനുയോജ്യമാണെന്ന് കൃഷി ഓഫീസർ സാക്ഷ്യപ്പെടുത്തുകയും വേണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ 2020-21 വർഷത്തിൽ നടപ്പിലാക്കിയ സുഭിക്ഷ കേരളം-തരിശ് നെൽ കൃഷി പ്രൊജക്ടിൽ ഗുണഭോക്താക്കളുടെ അപേക്ഷകളിൽ കൃഷി അസിസ്റ്റന്റിന്റെ

പരിശോധനാ റിപ്പോർട്ടോ, കൃഷി ഓഫീസറുടെ ശുപാർശയോ ഇല്ലാതെയാണ് തുക നൽകിയിട്ടുള്ളത്. ഗ്രാമപഞ്ചായത്ത് പതിമൂന്നാം പദ്ധതിക്കാലയളവിലേക്ക് തയ്യാറാക്കിയ സ്റ്റാറ്റസ് റിപ്പോർട്ട്, അന്തിമ പദ്ധതി രേഖ എന്നിവ പ്രകാരം ആകെ ഭൂമിയിൽ 171.25 ഹെക്ടർ സ്ഥലം തരിശുഭൂമിയാണ്. ഇതിൽ 97.25 ഹെക്ടർ സ്ഥലം കൃഷിയോഗ്യമാണ്. പ്രൊജക്ടിലൂടെ 13.57 ഹെക്ടർ തരിശ് ഭൂമി കൃഷി ചെയ്യുന്നതിന് ആനുകൂല്യം നൽകിയിട്ടുണ്ട്. പ്രോജക്ടിന്റെ വിവരങ്ങൾ ചുവടെ ചോർക്കുന്നു.

| | |
|---|---|
| പ്രോജക്ട് | 299/21 സുഭിക്ഷ കേരളം-തരിശ് നെൽ കൃഷി |
| അടങ്കൽ | തനതു ഫണ്ട് 400000 |
| | ബ്ലോക്ക് വിഹിതം 200000 |
| | **ആകെ 600000** |
| ചെലവ് | തനതു ഫണ്ട് 371201 |
| | ബ്ലോക്ക് വിഹിതം 143100 |
| | **ആകെ 514301** |
| നിർവ്വഹണം | കൃഷി ഓഫീസർ |

ആനുകൂല്യം ലഭിച്ച ഏതാനും ഗുണഭോക്താക്കളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവ് | സർവെ നം | കൃഷി ഭൂമി @ ഹെക്ടർ | കൈപ്പറ്റിയ തുക @ 40000/ ഹെക്ടർ |
|---|---|---|---|---|
| 1 | ശങ്കര നാരായണൻ ഉക്കിരി തൊടിയിൽ, പനമണ്ണ | 20/3, 46/10, 44/2, 20/3, 19/4 | 0.55 | 22000 |
| 2 | പ്രസാദ് നിർമാലയം പനയൂർ | 171/7 | 0.46 | 18400 |
| 3 | ജിഷ സി തൊഴുത്തു പറമ്പിൽ, പാതിപ്പാറ മാക്സ് വെൽ (ഉടമ) | 83/9.10 | 0.64 | 22392, 3181 |
| 4 | രാജേന്ദ്രൻ കണ്ണമ്മ നിലയം മനിശ്ശേരി പത്മിനി ദേവി (ഉടമ) | 119/6. 120/1, 119/3 | 0.92 | 32118 4561 |
| 5 | കാദർ നെടുങ്കണ്ടത്ത് പനയൂർ അമ്മുക്കുട്ടി (ഉടമ) | 138 | 0.85 | 29747 4211 |
| | | | | |

| | | | | |
|---|---|---|---|---|
| 6 | വേണുഗോപാലൻ ഇല്ലിക്കൽ വീട് കൊണ്ടാഴി | 39/7.4, 42/6.4 40/ എ1.2.3.5 | 1 | 40000 |
| 7 | രവീന്ദ്രൻ തെക്കേക്കര നെടുങ്ങോട്ടൂർ | 12/3 ബി 13/2 | 0.8 | 31997 |
| 8 | പാർവ്വതി കൂടത്തിൽ , മാന്നന്നൂർ | 77/എ1 | 1.80 | 71999 |
| 9 | വിനോദ് കുമാർ പടിക്ക പറമ്പൽ ഒറ്റപ്പാലം | 31/1 24/54, 30/1 31/5 ,29/5.4 | 1.36 | 54410 |
| 10 | രവീന്ദ്രൻ, തൊഴുത്തുപറമ്പിൽ പാതിപ്പാറ ഹരിഹരൻ (ഉടമ) | 142/1 | 0.60 | 20985 2981 |

ഭൂമി പാട്ടത്തിനെടുത്ത ഏതാനും കർഷകരുടെ ഭൂമി തരിശാണെന്ന് സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ട്. മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസൃതമായി തരിശ് ഭൂമിയാണെന്ന് അപേക്ഷ പരിശോധിച്ച് ഉറപ്പുവരുത്താതെ ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.11/11.10.2021) കൃഷി സ്ഥലം നേരിൽ സന്ദർശിച്ച് തിശ് ഭൂമിയാണെന്ന് ഉറപ്പുവരുത്തിയിട്ടുണ്ടെന്നും, കോവിഡ് ലോക്ക്ഡൗൺ മൂലം പ്രവൃത്തി ദിനങ്ങൾ കുറവായതിനാൽ അപേക്ഷകളിൽ ശുപാർശ റിപ്പോർട്ട് എഴുതാൻ വിട്ടുപോയതാണെന്നും മറുപടി നൽകിയിട്ടുണ്ട്.

**ഓഡിറ്റ് നിർദ്ദേശങ്ങൾ**

* ഗുണഭോക്താക്കളുടെ അപേക്ഷകൾ യഥാസമയം പരിശോധിക്കുയും, അർഹതയുടെ അടിസ്ഥാനത്തിൽ മാത്രം ആനുകൂല്യങ്ങൾ അനുവദിക്കുകയും ചെയ്യേണ്ടതാണ്.

**1-19 കരാറുകാരന് പ്രവൃത്തിയുടെ തുക അനുവദിച്ചപ്പോൾ ടാർ ബാരലിന്റെ തുക ഈടാക്കിയിട്ടില്ല.**

2020-21 ൽ പൂർത്തീകരിച്ചിട്ടുള്ള റോഡ് ടാറിംഗ് പ്രവൃത്തികളിൽ കരാറുകാരാണ് ബിറ്റുമിൻ വാങ്ങിയിരിക്കുന്നത്. പ്രൈസ് സോഫ്റ്റ് വെയർ മുഖേന നിരക്കുകൾ കണക്കാക്കിയിട്ടുള്ള (With Packed Bitumin Rates) ഇവയുടെ ഫൈനൽ ബില്ലുകളിൽ നിന്നും ബിറ്റുമിൻ ബാരൽ വില കുറവു ചെയ്തതിനുശേഷമാണ് കരാറുകാർക്ക് തുക നൽകേണ്ടത്. എന്നാൽ താഴെ പറയുന്ന പ്രവൃത്തികളിൽ നിന്നും ബിറ്റുമിൻ ബാരൽ വില ഈടാക്കാതെയാണ് കരാറുകാരന് ഫൈനൽ ബിൽ തുക നൽകിയിരിക്കുന്നത്. ഈ പ്രവൃത്തികളുടെ അളവു പുസ്തകങ്ങളിൽ ബിറ്റുമിൻ Adequacy കണക്കാക്കി നിർവ്വഹണോദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. 295/-രൂപ നിരക്കിൽ ബാരലിന്റെ വിലയായ 44595/-രൂപ കരാറുകാരിൽ നിന്ന് ഈടാക്കേണ്ടതാണ്. ഇതിൽ 36,568/- രൂപ പഞ്ചായത്ത് ഫണ്ടിലും 8027/- രൂപ ജി.എസ്.ടി ഇനത്തിലും അടവാക്കേണ്ടതാണ്. (വിശദാംശങ്ങൾ ഖണ്ഡിക 3-1 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്)

## 1-20 എൻ.ആർ.ഇ.ജി.എസ്എസ്റ്റാബ്ലീഷ്മെന്റ് ചെലവുകൾ - തനത് ഫണ്ടിൽ നിന്നും നൽകിയ തുക ക്രമീകരിച്ചിട്ടില്ല

ഓഡിറ്റ് വർഷം തനത് ഫണ്ടിൽ നിന്നും എൻ.ആർ.ഇ.ജി.എസ് എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾക്കായി 1119025/-രൂപ അഡ്വാൻസ് ചെയ്തിട്ടുണ്ട്. മുൻ അഡ്വാൻസിൽ അഡ്ജസ്റ്റ് ചെയ്യുവാൻ ബാക്കി നിൽക്കുന്ന ഉൾപ്പെടെ 2020-21 ൽ ക്രമീകരിക്കുവാൻ ബാക്കി നിൽക്കുന്ന ആകെ അഡ്വാൻസ് തുക 407866/- രൂപയാണ്. ഈ തുക പൂർണ്ണമായും തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടി അഡ്വാൻസ് ക്രമീകരിക്കേണ്ടതാണ്.

## 1-21 MGNREGS മെറ്റീരിയൽ പർച്ചേസ് -സപ്ലൈയറിൽ നിന്ന് GST ഈടാക്കി അടവാക്കിയിട്ടില്ല.

ഗുഡ്സ് & സർവ്വീസ് ആക്ട് 2017 ലെ സെക്ഷൻ 51, 21.07.2018 ലെ 28-ാം ജി.എസ്.ടി കൗൺസിൽ തീരുമാനം, കേന്ദ്ര ധനകാര്യ മന്ത്രാലയം- റവന്യൂ വകുപ്പിന്റെ 14.9.2018 ലെ സർക്കുലർ നം 65/39/2018/DOR, സർക്കാർ ഉത്തരവ് (പി)162/2018/ധനം തീയതി 22.10.2018 എന്നിവ പ്രകാരം 1.10.2018 മുതൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ 2.5 ലക്ഷം രൂപയ്ക്ക് മുകളിലുള്ള വാങ്ങലുകളുടെ കാര്യത്തിൽ 2% ജി.എസ്.ടി - ടി.ഡി.എസ് ഈടാക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 08.03.19 ലെ നം.ഡി.എ1/87/2019 ത.സ്വ.ഭ.വ സർക്കുലർ പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥർ നടത്തുന്ന പ്രോജക്ടുകൾക്കുള്ള വാങ്ങലുകളിന്മേൽ 2% ടി.ഡി.എസ് ഈടാക്കി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ GSTIN ലേക്ക് തുക ഒടുക്കുവാൻ നിർവഹണ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നല്കിയിട്ടുമുണ്ട്. എന്നാൽ 2020-21 സാമ്പത്തിക വർഷത്തിൽ MGNREGS മെറ്റീരിയൽ പ്രവർത്തികൾക്കായി പർച്ചേസ് നടത്തിയതിൽ സ്റ്റീൽ, എം സാന്റ്, മെറ്റൽ, ക്വാറി വേസ്റ്റ് എന്നിവ സപ്ലൈ ചെയ്ത മലബാർ ഗ്രാനൈറ്റ്സ് പനയൂർ, വാണിയംകുളം (GSTIN NO :32AAMFM1019P1Z5), സിമൻറ് സപ്ലൈ ചെയ്ത ശ്രീറാം സ്റ്റീൽസ് വാണിയംകുളം GSTIN NO :32ACZF89703K1ZD), എന്നിവർ വിവിധ പ്രവർത്തികൾക്കായി സപ്ലൈ ചെയ്ത ബില്ലുകൾ (ബിൽ ഇൻവോയ്സ്) പരിശോധിച്ചതിൽ (ആയതിന്റെ 2% (1% CGST +1% SGST) നിർവ്വഹണോദ്യോഗസ്ഥൻ ഈടാക്കി അടവാക്കിയതായി കാണുന്നില്ല. (രണ്ടര ലക്ഷത്തിൽ അധികരിച്ച വരുന്ന കോൺട്രാക്ടുകളിൽ നിന്ന് സോഴ്സിൽ തന്നെ 2% കുറവ് ചെയ്ത് അടവാക്കാൻ നിർവ്വഹണോദ്യോഗസ്ഥൻ ബാദ്ധ്യസ്ഥനാണ് )

മെറ്റീരിയൽ പർച്ചേസ് വിവരം ചുവടെ ചേർക്കുന്നു

| പ്രവൃത്തിയുടെ പേര് | എം ബുക്ക് | സിമന്റ് @ശ്രീറാം സ്റ്റീൽസ് | എം സാന്റ്, മെറ്റൽ, @മലബാർ ഗ്രാനൈറ്റ്സ് |
|---|---|---|---|
| നാരായണ തൊടി റോഡ് കോൺക്രീറ്റ് | 127/21 | 31913 | 58339 |
| കവുതിയാട് റോഡ് കോൺക്രീറ്റ് | 42/21 | 141014 | 216676 |
| ഹെൽത്ത് സെന്റർ റോഡ് കോൺക്രീറ്റ് | 82/21 | 30800 | 56393 |
| ചോലയിൽ റോഡ് കോൺക്രീറ്റ് | 224/21 | 129881 | 238782 |
| വാണിയംകുളം അങ്ങാടി റോഡ് കോൺക്രീറ്റ് | 134/21 | 33398 | 56281 |
| പട്ടത്ത്യാരുപടി | 137/21 | 133963 | 225655 |

| | | | |
|---|---|---|---|
| റോഡ് കോൺക്രീറ്റ് | | | |
| ആറംപറ്റ റോഡ് സൈഡ് പ്രൊട്ടക്ഷൻ | 98/21 | 4081 | 66388 |
| ശ്മശാനം റോഡ് കോൺക്രീറ്റ് | 325/21 | 96112 | 182533 |
| ചരപറമ്പിൽ റോഡ് കോൺക്രീറ്റ് | 192/21 | 53436 | 107637 |
| ഉല്ലാസ് നഗർ റോഡ് കോൺക്രീറ്റ് | 191/21 | 53436 | 107637 |
| തിയ്യന്നൂർ മന റോഡ് കോൺക്രീറ്റ് | 183/21 | 69764 | 128712 |
| പത്താംകുളത്തിക്കാവ് റോഡ് കോൺക്രീറ്റ് | 91/21 | 31913 | 58184 |
| സൂര്യ നഗർ റോഡ് കോൺക്രീറ്റ് രണ്ടാം ഘട്ടം | 78/21 | 51581 | 94027 |
| ശ്രീകണ്ഠത്ത് പടി റോഡ് കോൺക്രീറ്റ് | 291/21 | 94998 | 164227 |
| സി.പി. മാധവൻ റോഡ് കോൺക്രീറ്റ് | 186/21 | 48983 | 89337 |
| പുലാചിത്ര തെക്കേ ചോലയിൽ റോഡ് കോൺക്രീറ്റ് | 150/21 | 31913 | 53347 |
| സൂര്യ നഗർ റോഡ് കോൺക്രീറ്റ് ഒന്നാം ഘട്ടം | 55/21 | 308746 | 442787 |
| കാക്കരപടി റോഡ് കോൺക്രീറ്റ് | 271/21 | 129510 | 261237 |
| കുന്നംകാട് റോഡ് കോൺക്രീറ്റ് | 50/21 | 92772 | 141911 |
| പേങ്ങാട്ടിരി കുളം കൽപടവ് നിർമ്മാണം | 123/21 | 3710 | 9853 |
| തെക്കുമുറി അംഗൻവാടി റോഡ് കോൺക്രീറ്റ് | 54/21 | 31913 | 51414 |
| | ആകെ | 1603837 | 2811357 |
| ഈടാക്കേണ്ടിയിരുന്ന നികുതി | CGST | 16038 | 28114 |
| | SGST | 16038 | 28114 |
| | ആകെ | 32076 | 56228 |

ബില്ലിൽ നിന്നും നിയമാനുസൃത നികുതികൾ കുറവ് ചെയ്യാതെ പ്രവൃത്തികൾക്ക് ജി.എസ്.ടി തുക പൂർണ്ണമായും സപ്ലൈയർക്ക് അനുവദിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതും, സപ്ലൈയർ ജി.എസ്.ടി തുക അടവാക്കിയ രേഖകളുടെ പകർപ്പും ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.21/21.10.2021) ജി.എസ്.ടി ഉള്ള വെണ്ടർമാരിൽ നിന്നാണ് സാധനങ്ങൾ വാങ്ങിയിട്ടുള്ളതെന്നും സപ്ലൈയർ ജി.എസ്.ടി തുക അടവാക്കിയ റിട്ടേണുകൾ ഹാജരാക്കുന്നതാണെന്നും, അടുത്ത പ്രാവശ്യം മുതൽ സ്രോതസിൽ നിന്നും നികുതി കിഴിവ് ചെയ്യുന്നതാണെന്ന് മറുപടി നൽകുകയും ചെയ്തിട്ടുണ്ട്.

**ഓഡിറ്റ് നിർദ്ദേശങ്ങൾ**

* ബിൽ തുക അനുവദിക്കുമ്പോൾ തന്നെ നികുതികൾ കുറവ് ചെയ്തിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 1-22 തെരുവു വിളക്കുകളുടെ വൈദ്യുത ചാർജ്ജ് -മീറ്ററിംഗ് സംവിധാനത്തിലേക്ക് മാറിയിട്ടില്ല.

1994 ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിലെ പട്ടിക III ലെ ക്രമ നമ്പർ 15 പ്രകാരം തെരുവു വിളക്കുകൾ സ്ഥാപിക്കേണ്ടതും പരിപാലിക്കേണ്ടതും ഗ്രാമപഞ്ചായത്തുകളുടെ അനിവാര്യ ചുമതലയാണ്. ഗ്രാമപഞ്ചായത്തിലെ തെരുവു വിളക്കുകളുടെ പരിപാലനത്തിലെ കാര്യക്ഷമത, വൈദ്യുതി ചാർജ്ജിനത്തിലും അറ്റകുറ്റപ്പണികൾക്കുമായി ചെലവഴിക്കേണ്ടി വരുന്ന തുകയിൽ കുറവു വരുത്തുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്നിവ പരിശോധിച്ചതിന്മേലുള്ള വിവരങ്ങൾ താഴെ ചേർക്കുന്നു.

**എ) തെരുവു വിളക്കുകളുടെ കണക്ക്, വൈദ്യുതി ചാർജ്ജ്**

തെരുവു വിളക്കുകളുടെ വാർഡ് തിരിച്ചുള്ള കൃത്യമായ എണ്ണം കാണിക്കുന്ന രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല. 2020-21 സാമ്പത്തിക വർഷത്തിൽ തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ് ഇനത്തിൽ 2790592/- രൂപ കെ.എസ്.ഇ.ബി വാണിയംകുളം ഇലക്ട്രിക്കൽ സെക്ഷനിൽ അടവാക്കിയിട്ടുണ്ട്.

**മീറ്ററിംഗ് ആക്കാത്ത തെരുവു വിളക്കുകളുടെ വിവരങ്ങൾ**

കെ.എസ്.ഇ.ബി വാണിയംകുളം ഇലക്ട്രിക്കൽ സെക്ഷനിലെ 10.08.2018 ലെ കത്ത് പ്രകാരം മീറ്ററിംഗ് ആക്കാത്ത തെരുവു വിളക്കുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.(കൺസ്യൂമർ നം 1167335008911)

| ക്രമ നം | ഇനം | വാട്ട് | എണ്ണം |
|---|---|---|---|
| 1 | ഓർഡിനറി ബൾബ് | 40 | 332 |
| 2 | ഓർഡിനറി ബൾബ് | 60 | 221 |
| 3 | ഫ്ലൂറസന്റ് ട്യൂബ് | 40 | 44 |
| 4 | ഫ്ലൂറസന്റ് ട്യൂബ്2*40 | 80 | 682 |
| 5 | എസ് വി എൽ | 250 | 48 |
| 6 | സി എഫ് എൽ2*11 | 22 | 577 |
| 7 | സി എഫ് എൽ1*11 | 11 | 31 |
| | ആകെ | | 1935 |

**തെരുവുവിളക്കുകളുടെ പരിപാലനച്ചെലവ്**

സാധന സാമഗ്രികൾ വാങ്ങുവാനും, അറ്റകുറ്റപണികൾക്കുമായി തൻവർഷം ചെലവഴിച്ച തുകകളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രൊജക്ട് നം. | ചെലവ് | ഫണ്ടിനം |
|---|---|---|---|
| 1 | 121/21 തെരുവ് വിളക്ക് | 183690 | തനതു ഫണ്ട് |

| | | | |
|---|---|---|---|
| | -സാധനങ്ങൾ വാങ്ങൽ | | |
| 2 | 122/21 തെരുവ് വിളക്ക് അറ്റകുറ്റ പണി- വേതനം നൽകൽ | 166590 | ധനകാര്യ കമ്മീഷൻ ഗ്രാന്റ്, തനതു ഫണ്ട് |
| 3 | 123/21 ഹൈ മാസ്റ്റ് ലൈറ്റ് പരിപാലനം | 69465 | ധനകാര്യ കമ്മീഷൻ ഗ്രാന്റ്,തനതു ഫണ്ട് |
| 4 | 230/21 തെരുവ് വിളക്ക് അറ്റകുറ്റ പണി- വേതനം നൽകൽ (സ്പിൽ ഓവർ) | 58185 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് |
| | ആകെ | 477930 | |

ഗ്രാമ പഞ്ചായത്തുകൾ തെരുവുവിളക്കുകളുടെ വൈദ്യുതി ചാർജ്ജ് അടയ്ക്കുന്നതിലെ കൃത്യത ഉറപ്പു വരുത്തുന്നതിനായി മീറ്റർ സമ്പ്രദായം ഏർപ്പെടുത്താമെന്ന് സർക്കുലർ നം. ബി.ഒ. (എഫ്. ബി.)നമ്പർ 496/ 2004 (എൽ.ജി/സി.ഒ .എം.3515/ 98 തീയ്യതി 23.02.2004 കെ.എസ്.ഇ.ബി. ബോർഡ് സെക്രട്ടറി) പ്രകാരം സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട് . ഗ്രാമ പഞ്ചായത്തും കെ.എസ്.ഇ.ബി.യുമായി സംയുക്ത പരിശോധന നടത്തി തെരുവു വിളക്കുകളുടെ നിജസ്ഥിതി തിട്ടപെടുത്തിയിട്ടുള്ളതിന്റെ വിവരം മീറ്ററിംഗ് ആക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്നിവ ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.08/08.10.2021) ഗ്രാമപഞ്ചായത്തിലെ മുഴുവൻ ട്യൂബ് ലൈറ്റുകളും, സോഡിയം വേപ്പർ ലാമ്പുകളും മാറ്റി എല്ലാ പോസ്റ്റുകളിലും എൽ.ഇ.ഡി ബൾബുകളാക്കി മാറ്റിയിട്ടുണ്ടെന്നും, വിളക്കുകളുടെ വാർഡ് തിരിച്ചുള്ള കണക്ക് ലഭിക്കുന്നതിനും, സംയുക്ത പരിശോധന നടത്തുന്നതിനും കെ.എസ്.ഇ.ബി.യിലേക്ക് കത്ത് നൽകിയിട്ടുണ്ടെന്നും, മീറ്റർ സംവിധാനത്തിലേക്ക് മാറുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്.

**<u>ഇ. ഓഡിറ്റ് നിർദ്ദേശങ്ങൾ.</u>**

1. വൈദ്യുതി ബോർഡുമായി ചേർന്ന് സംയുക്ത പരിശോധന നടത്തുന്നതിനുള്ള ശ്രമം ഊർജ്ജിതമാക്കി തെരുവു വിളക്കുകളുടെ കൃത്യമായ വിവരം ശേഖരിച്ച് കണക്കുകൾ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

2. ഓരോ വർഷവും പുതിയതായി ലാമ്പുകൾ സ്ഥാപിക്കുമ്പോഴും നിലവിലുള്ളവ മാറ്റി പുതിയ ഇനം ലാമ്പുകൾ സ്ഥാപിക്കുമ്പോഴും കണക്കുകളിൽ മാറ്റം വരുത്തുവാനും ശ്രദ്ധിക്കേണ്ടതാണ്.

3. നിലവിലില്ലാത്ത ലാമ്പുകൾക്ക് വൈദ്യുതി ബോർഡ് ഈടാക്കി വരുന്ന തുക മുൻകാല പ്രാബല്യത്തോടെ ക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

4. അറ്റകുറ്റപണികൾക്കാവശ്യമായ ലാമ്പുകൾ ആവശ്യകത വിലയിരുത്തി മാത്രം വാങ്ങുവാൻ ശ്രദ്ധിക്കേണ്ടതാണ്.

5. മീറ്റർ സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തികളുടെ അടിയന്തിര പൂർത്തീകരണം ഉറപ്പാക്കേണ്ടതാണ്.

തെരുവു വിളക്കുകളുടെ പരിപാലനത്തിനായി ദീർഘവീക്ഷണത്തോടെയുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുവാൻ ഭരണ സമിതിയും ഉദ്യോഗസ്ഥരും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

**<u>1-23 തെരുവ് ടാപ്പുകളുടെ വെള്ളക്കരം അടവാക്കുന്നത്- കുടിശിക തീർപ്പാക്കാനുള്ള നടപടികൾ</u>**

**സ്വീകരിച്ചിട്ടില്ല.**

2020-21 വർഷത്തിൽ തെരുവ് ടാപ്പുകളുടെ വാട്ടർ ചാർജ് ഇനത്തിൽ ഓരോ മാസവും 38500/-രൂ. വീതം കേരളാ വാട്ടർ അതോറിറ്റിയുടെ ഷൊർണ്ണൂർ ഓഫീസിൽ അടവാക്കുന്നുണ്ട്. വാട്ടർ അതോറിറ്റിയുടെ ഡിമാന്റ് നോട്ടീസ് പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിൽ 88 പൊതു ടാപ്പുകൾ ആണ് ഉള്ളത്. ആയതിന് ഒരു വർഷത്തെ നിരക്ക് 5250/-രൂപ പ്രകാരം (88*5250=462000) 462000/-രൂപയാണ് വർഷം അടവാക്കേണ്ടത് 38500/- രൂപ പ്രതിമാസം അടവാക്കേണ്ട തുകയായി ഡിമാന്റ് നോട്ടീസിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 03/2021-ലെ ഡിമാന്റ് നോട്ടീസ് പ്രകാരമുള്ള കുടിശിക തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| ക്ളോസിംഗ് ബാലൻസ് | 193083 |
| ഫൈൻ | 3420 |
| തൻമാസ ഡിമാന്റ് | 38500 |
| ആകെ | 235003 |

1997 ലെ കേരള വാട്ടർ സപ്ലൈ ചട്ടങ്ങളിലെ ചട്ടം 7(7) പ്രകാരം കുടിശിക വരുത്തിയാൽ തുകയുടെ 2% തുക ഫൈൻ ഈടാക്കുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

ഇതു സംബന്ധിച്ച് താഴെപ്പറയുന്ന കാര്യങ്ങളിൽ വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറി (നം.09/08.10.2021) നൽകിയിരുന്നു.

* വാട്ടർ അതോറിറ്റിയുമായി സംയുക്ത പരിശോധന നടത്തി പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തനക്ഷമമായ തെരുവ് ടാപ്പുകളുടെ എണ്ണം നിശ്ചയിക്കുന്നതിനും വെള്ളം ലഭ്യമല്ലാത്ത ടാപ്പുകൾ ഒഴിവാക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിച്ചതിന്റെ വിവരങ്ങൾ.

* കുടിശ്ശിക അടവാക്കുന്നത്/ഒഴിവാക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും തീരുമാനങ്ങൾ പഞ്ചായത്ത് ഭരണസമിതി എടുത്തിട്ടുണ്ടെങ്കിൽ ആയത് ലഭ്യമാക്കേണ്ടതാണ്.

* മതിയായ തുക തനതു ഫണ്ടിൽ ഉണ്ടായിരുന്നിട്ടും വെള്ളക്കരം സമയ ബന്ധിതമായി അടവാക്കാതിരുന്നതിനുള്ള കാരണം .

ആയതിന് ടാപ്പുകളുടെ എണ്ണം കാലികമാക്കുന്നതിനും ഉപയോഗശൂന്യമായവ ഒഴിവാക്കുന്നതിനും 20.01.2020 ലെ 8(1) നം. ഭരണസമിതി തീരുമാന പ്രകാരം സംയുക്ത പരിശോധനയ്ക്ക് കത്ത് നൽകിയിരുന്നുവെങ്കിലും വാട്ടർ അതോറിറ്റിയുടെ നിസ്സഹകരണം മൂലം പരിശോധന നടന്നില്ലെന്നും, ഡിമാന്റ് നോട്ടീസിൽ കാണിച്ചിട്ടുള്ള കുടിശിക 2014-15 വർഷം മുതൽ ഉള്ളതാണെന്നും, ആയത് യഥാർത്ഥത്തിൽ കുടിശികയല്ലെന്നും ഒഴിവാക്കുന്നതിന് 27.11.2015-ന് കത്ത് നൽകിയിട്ടുണ്ടെന്നും, സംയുക്ത പരിശോധന നടത്തി കുടിശിക തീർക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്.

തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**ഓഡിറ്റ് നിർദ്ദേശങ്ങൾ**

**1)** സംയുക്ത പരിശോധന നടത്തി ഉപയോഗിക്കുന്ന ടാപ്പുകൾക്ക് മാത്രം വെള്ളക്കരം ഒടുക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

2) വ്യക്തിഗത ഗാർഹിക കണക്ഷൻ നൽകുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-24 പാലിന് സബ്സിഡി പ്രൊജക്റ്റ് - ഭാഗികമായ കാലയളവിൽ മാത്രം ആനുകൂല്യം അനുവദിച്ചു**

ഗ്രാമപഞ്ചായത്തിലെ ക്ഷീരകർഷകരുടെ ഉന്നമനം ലക്ഷ്യമാക്കിയും പാലുൽപാദനം വർദ്ധിപ്പിക്കുക എന്ന നേട്ടം കൈവരിക്കുന്നതിനുമായി 2020-2021 വർഷത്തിൽ പാലിന് സബ്സിഡി

നൽകുന്നതിനായി പ്രോജക്റ്റ് ഏറ്റെടുത്തിട്ടുണ്ട്. പഞ്ചായത്തിലുള്ള കുനത്തറ, പനയൂർ, മാന്നന്നൂർ. ചോറോട്ടൂർ എന്നീ ക്ഷീരസംഘങ്ങളിൽ 2020 ഏപ്രിൽ മുതൽ 2021 മാർച്ച് വരെ പാലളക്കുന്ന എല്ലാ ക്ഷീരകർഷകർക്കും ലിറ്റർ ഒന്നിന് പരമാവധി 3 രൂപ നിരക്കിൽ സബ്സിഡി നല്കുന്നതിനാണ് ഈ പ്രോജക്റ്റ് വിഭാവനം ചെയ്തിട്ടുള്ളത്. ആയതിന്റെ അടിസ്ഥാനത്തിൽ ത്രിതലപഞ്ചായത്ത് വകയിരുത്തിയിട്ടുള്ള തുകയിൽനിന്നും ഒരു ലിറ്റർ പാലിന് പരമാവധി 3 രൂപ നിരക്കിൽ പാലിന് സബ്സിഡി നല്കിയിട്ടുണ്ട്. പ്രസ്തുത കാലയളവ് മുഴുവനും ആനുകൂല്യം അനുവദിച്ചിട്ടുണ്ടോ എന്ന് പരിശോധിച്ചതിൽ സംഘങ്ങളുടെ കീഴിലുള്ളവർക്ക് സാമ്പത്തികവർഷം മുഴുവനുമായി ആനുകൂല്യം ലഭിച്ചിട്ടില്ല എന്ന് കണ്ടെത്തി. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പ്രൊജക്റ്റിന്റെ പേര് | അടങ്കൽ | ബിൽ/ ചെക്ക് നം. | തുക | സബ്സിഡി യായി തുക നല്കിയ മാസങ്ങൾ |
|---|---|---|---|---|
| 17/21 പാലിന് സബ്സ്ഡി- ജനറൽ | 500000 -തനത് ഫണ്ട് | 26855/29.03.21, | 500000 | 2020 ഏപ്രിൽ മുതൽ സെപ്റ്റംബർ വരെ |
| | 500000 ജില്ലാ വിഹിതം- | 4/28.03.21 | 500000 | 2020 സെപ്റ്റംബർ മുതൽ ഡിസംബർ വരെ |
| | 500000 ബ്ലോക്ക് വിഹിതം | 3/19.03.21 | 100000 | 2020 ജൂലൈ,ആഗസ്റ്റ്, സെപ്റ്റംബർ |
| | **ആകെ 1500000** | **ആകെ** | **1100000** | |

2021 ജനുവരി മുതൽ മാർച്ച് വരെയുള്ള കാലയളവിൽ ആനുകൂല്യം നൽകിയിട്ടില്ല. മുഴുവൻ കാലയളവിലേക്കും ആവശ്യമായ തുക വകയിരുത്തി ആനുകൂല്യം നൽകാതിരുന്നതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് നം.05/13.09.2021) പദ്ധതി രൂപീകരണ സമയത്ത് വർഷം മുഴുവൻ ആനുകൂല്യം നൽകുന്നതിനു വേണ്ടിയാണ് പ്രോജക്ട് തയ്യാറാക്കിയതെങ്കിലും പലവിധ നിർബന്ധിത വകയിരുത്തലുകൾക്ക് ശേഷം ലഭ്യമായ തുക 1100000/- രൂപ മാത്രമാണെന്നും, ഗ്രാമപഞ്ചായത്തിലെ സഹകരണ സംഘങ്ങളിലൂടെയുള്ള പ്രതിദിന പാൽ സംഭരണം 2000 ലിറ്ററാണെന്നും ആയതുപ്രകാരം പരമാവധി 3 രൂപ നിരക്കിൽ അനുവദിക്കുന്നതിന് 2160000/- രൂപ ആവശ്യമാണെന്നു ആയത് ഇല്ലാത്തതു കൊണ്ടാണ് വകയിരുത്തൽ കുറഞ്ഞുപോയതെന്നും,വരും വർഷങ്ങളിൽ കൂടുതൽ തുക വകയിരുത്താൻ ശ്രദ്ധിക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്.

**<u>ഓഡിറ്റ് നിർദ്ദേശങ്ങൾ</u>**

എല്ലാ ക്ഷീരകർഷകർക്കും അർഹമായ കാലയളവിലേക്ക് ആനുകൂല്യം നൽകുന്നതിന് പര്യാപ്തമായ തുക വകയിരുത്തുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

**<u>1-25 ദുരിതാശ്വാസ നിധിയിൽനിന്നും അനുവദിനീയമായതിൽ കൂടുതൽ തുക നൽകി.</u>**

2003ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും)ചട്ടങ്ങളിലെ ചട്ടം 4(5) പ്രകാരം അർഹനായ വ്യക്തിക്ക് 500/- രൂപ വരെ അടിയന്തിര ധന സഹായം

നൽകാവുന്നതാണ്. എന്നാൽ അപ്രകാരം നൽകിയ നടപടിക്ക് 3-ാം ഉപ ചട്ട പ്രകാരം രൂപീകരിച്ച സബ് കമ്മിറ്റിയുടെ സാധൂകരണം വാങ്ങേണ്ടതുമാണ്. ഉപചട്ടം 5(1) പ്രകാരം ക്യാഷ് ബുക്ക് സൂക്ഷിച്ചുപോരേണ്ടതുമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. തനതുഫണ്ട് വൗച്ചറിനോടൊപ്പമാണ് ചെലവു രേഖകൾ സൂക്ഷിക്കുന്നത്. ഉപചട്ടം 5(2) പ്രകാരം ദുരിതാശ്വാസ നിധിയിൽ നിന്നുള്ള ധനസഹായത്തിനായി ലഭിക്കുന്ന അപേക്ഷകളെ സംബന്ധിച്ച വിവരം, അനുവദിക്കപ്പെട്ട ധനസഹായം എന്നിവ രേഖപ്പെടുത്താൻ ഒരു രജിസ്റ്ററും സബ് കമ്മിറ്റിയുടെ യോഗ നടപടികളുടെ മിനുട്സ് രേഖപ്പെടുത്തുവാൻ ഒരു മിനുട്സ് പുസ്തകവും സൂക്ഷിക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ടെങ്കിലും ആകെ സബ് കമ്മിറ്റി മിനുട്സ് മാത്രമാണ്. സൂക്ഷിച്ചുപോരുന്നത്. വാണിയംകുളം ഗ്രാമപഞ്ചായത്തിലെ ദുരിതാശ്വാസ നിധിയിൽനിന്നും തൻവർഷത്തിൽ പരിധിയിൽ അധികരിച്ച് ധന സഹായം അനുവദിച്ചതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | വൗച്ചർ നം | തുക |
|---|---|---|
| 1 | 22000057/30.04.2020 | 5000 |
| 2 | 22000058/30.04.2020 | 5000 |
| 3 | 22000117/12.05.2020 | 5000 |
| 4 | 22000118/12.05.2020 | 5000 |
| 5 | 22000147/23.05.2020 | 5000 |
| 6 | 22000231/17.06.2020 | 5000 |
| 7 | 22000232/17.06.2020 | 5000 |
| 8 | 22000379/08.08.2020 | 2000 |
| 9 | 22000380/08.08.2020 | 5000 |
| 10 | 22000381/08.08.2020 | 5000 |
| 11 | 22000402/11.08.2020 | 1000 |
| 12 | 22000423/29.08.2020 | 5000 |
| 13 | 22000542/26.09.2020 | 3000 |
| 14 | 22000543/26.09.2020 | 2000 |
| 15 | 22000544/26.09.2020 | 5000 |
| 16 | 22000545/26.09.2020 | 5000 |
| 17 | 22000546/26.09.2020 | 5000 |
| 18 | 22000547/26.09.2020 | 2000 |
| 19 | 2200553/30.09.2020 | 2000 |
| 20 | 2200966/23.01.2021 | 5000 |
| 21 | 2200967/23.01.2021 | 5000 |
| 22 | 2200968/23.01.2021 | 5000 |
| 23 | 2200969/23.01.2021 | 5000 |
| 24 | 2200970/23.01.2021 | 5000 |
| 25 | 2200971/23.01.2021 | 1000 |
| 26 | 2201333/27.02.2021 | 5000 |
| 27 | 2201334/27.02.2021 | 5000 |
| | | |

| | | |
|---|---|---|
| | ആകെ | 113000 |

ദുരിതാശ്വാസ നിധിയിൽനിന്നും തൻവർഷത്തിൽ പരിധിയിൽ അധികരിച്ച് ധന സഹായം അനുവദിച്ചതിനും, ചട്ട പ്രകാരമുള്ള രജിസ്റ്ററുകൾ സൂക്ഷിക്കാത്തതിനും വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.06/21.10.2021) ഭാവിയിൽ ധന സഹായം 500/- രൂപയിൽ നിജപ്പെടുത്തി നൽകുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്.

**ഓഡിറ്റ് നിർദ്ദേശങ്ങൾ**

ചട്ടത്തിൽ നിർദ്ദേശിച്ചിട്ടുള്ള പരിധിയിൽ അധികരിക്കാതെ തുക നൽകുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

**1-26 ലൈഫ് പദ്ധതി -ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.**

2020-21 വർഷത്തെ ലൈഫ് ഭവന നിർമാണ പദ്ധതികളുടെ രേഖകൾ പരിശോധിച്ചതിൽ വിവിധ ഗഡുക്കൾ കൈപ്പറ്റിയ ഏതാനും ഗുണഭോക്താക്കൾ ഇതുവരെയായി ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രൊജക്ട് നം | 22/21 ലൈഫ് ഭവന പദ്ധതി -എസ് സി |
| അടങ്കൽ | വികസന ഫണ്ട് – 2310000/- |
| | ബ്ലോക്ക് വിഹിതം – 2000000/- |
| | ജില്ലാ വിഹിതം - 2690000/- |
| | സംസ്ഥാന വിഹിതം - 2000000/- |
| | വായ്പ- 3000000 |
| | ആകെ -12000000 |
| ചെലവ് | 2310000 |
| നിർവ്വഹണം | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |

പദ്ധതിയുടെ വാച്ച് രജിസ്റ്ററിലെ രേഖപ്പെടുത്തൽ അനുസരിച്ച് നിർമ്മാണം പൂർത്തിയാക്കാത്തവരുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ | ഗുണഭോക്താവിന്റെ | അക്കൗണ്ട് നം. | അനുവദിച്ച | അനുവദി |
|---|---|---|---|---|

| നം. | പേര്, വിലാസം | | തുക | ക്കാനുള്ള തുക |
|---|---|---|---|---|
| 1 | പ്രവിത,മുല്ലപറമ്പിൽ ചോറോട്ടൂർ | 854610110010799 | 300000 | 100000 |
| 2 | ദേവയാനി ശെൽവരാജ് മുല്ലക്കൽ | 352991345793 | 300000 | 100000 |
| 3 | രശ്മി മഹേഷ് മുല്ലക്കൽ | 33571773736 | 300000 | 100000 |
| 4 | ശാന്ത ശിവൻ നീലീതൊടി, കുണ്ടുപറമ്പിൽ | 30302894300 | 200000 | 200000 |
| 5 | രേണുക വിജീഷ് വണ്ടിക്കന്നത്ത്,പനയൂർ | 32393721119 | 300000 | 100000 |
| 6 | രമണി കൃഷ്ണൻകുട്ടി, കാരാത്ത്പടി,പനയൂർ | 32086038709 | 40000 | 360000 |
| 7 | സജിത രവികുമാർ വാച്ചാക്കര വീട് മനിശ്ശേരി | 203301000024246 | 200000 | 200000 |

മേൽപ്പറഞ്ഞ ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം ഏത് ഘട്ടത്തിലാണെന്ന വിവരം അറിയിക്കേണ്ടതാണ്. സ.ഉ. (എം.എസ്) 362/2013 ത.സ്വ.ഭ.വ തീയതി 16.11.2013 ലെ ഉത്തരവ് പ്രകാരം ഗുണഭോക്താക്കൾ ഭവന നിർമ്മാണം സമയ ബന്ധിതമായി പൂർത്തിയാക്കുമെന്നും, 12 വർഷത്തേക്ക് കൈമാറ്റം ചെയ്യില്ലെന്ന് കരാറിൽ ഏർപ്പെടണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഗുണഭോക്താക്കൾ നിർവ്വഹണ ഉദ്യോഗസ്ഥനുമായി ഉണ്ടാക്കിയ കരാറിലെ ഖണ്ഡിക പ്രകാരം കരാറിൽ ഏർപ്പെട്ട് മാസത്തിനകം ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ടെങ്കിലും സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് കഴിഞ്ഞിട്ടില്ല.

ധനസഹായം കൈപ്പറ്റിയ ഗുണഭോക്താക്കൾ സമയബന്ധിതമായി നിർമ്മാണം പൂർത്തിയാക്കുന്നതിന് സ്വീകരിച്ച നടപടികൾ ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് നം.19/20.10.2021) ഗുണഭോക്താക്കളുടെ ഭവന നിർമ്മാണ പുരോഗതി നേരിൽ സന്ദർശിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടെന്നും, ക്രമ നം.6 രമണി എന്ന ഗുണഭോക്താവ് ഒഴികെ മറ്റെല്ലാവരും മെയിൻ വാർപ്പ് പൂർത്തിയാക്കിയിട്ടുണ്ടെന്നും മറുപടി നൽകിയിട്ടുണ്ട്.

**ഓഡിറ്റ് നിർദ്ദേശങ്ങൾ**

* ഭവനങ്ങളുടെ സമയ ബന്ധിത പൂർത്തീകരണം ഉറപ്പാക്കേണ്ടതാണ്.

* മോണിറ്ററിംഗ് കൂടുതൽ ഫലപ്രദമാക്കേണ്ടതാണ്.

**1-27 അനുപൂരക പോഷകാഹാരം-ടി.ഡി.എസ് ഈടാക്കിയിട്ടില്ല**

ഗുഡ്സ് & സർവ്വീസ് ആക്ട് 2017- ലെ സെക്ഷൻ 51, 21.07.2018-ലെ 28 -ാം ജി.എസ്.ടി കൗൺസിൽ തീരുമാനം എന്നിവ പ്രകാരം 01.10.2018 മുതൽ തദ്ദേശ സ്ഥാപനങ്ങൾ നൽകുന്ന ജി.എസ്.ടിയിന്മേൽ 2 ശതമാനം ടി.ഡി.എസ് ഈടാക്കേണ്ടതാണ്. തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 8.3.19 ലെ നം. ഡി.എ1/87/2019 ത.സ്വ.ഭ.വ സർക്കുലർ പ്രകാരം ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണം പ്രൊജക്ടുകൾക്കുള്ള വാങ്ങലുകളിന്മേൽ 2% ടി.ഡി.എസ് ഈടാക്കി, ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ GSTIN ലേക്ക് തുക ഒടുക്കുവാൻ നിർദ്ദേശം നൽകിയിട്ടുമുണ്ട്. എന്നാൽ ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ അനുപൂരക പോഷകാഹാര വിതരണം പ്രൊജക്ട് പ്രകാരമുള്ള വാങ്ങലുകളിന്മേൽ

കിഡ്സ് ലവർ അമൃതം ഫുഡ്സ് കണ്ണിയംപുറം (GSTIN-32AANFK0706E1ZT) എന്ന സ്ഥാപനത്തിൽ നിന്നും 2% ടി.ഡി.എസ് ഈടാക്കിയിട്ടില്ല. പ്രൊജക്ടിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രൊജക്ട് | 06/21 അനുപൂരക പോഷകാഹാരം |
| അടങ്കൽ | വികസന ഫണ്ട് 100000 |
| | കേന്ദ്ര വിഹിതം 1889559 |
| | തനതു ഫണ്ട് 1100000 |
| | **ആകെ 3089559** |
| ചെലവ് | വികസന ഫണ്ട് 100000 |
| | കേന്ദ്ര വിഹിതം 1307098 |
| | തനതു ഫണ്ട് 961541 |
| | **ആകെ 2368639** |
| നിർവ്വഹണം | ഐ സി ഡി എസ് സൂപ്പർവൈസർ |

**ചെലവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.**

| ക്രമ നമ്പർ | ബിൽ നമ്പർ & തീയതി | തുക | ഇൻ വോയിസ് നമ്പർ / തീയതി | അമൃതം ഫുഡ്സ് @ 70/ K G | തുക |
|---|---|---|---|---|---|
| 1 | തനത് ഫണ്ട് ചെക്ക്നം. 2434752/08.07.20 | 627201 | 704/28.02.20 | 693 | 48510 |
| | | | 738/22.04.20 | 714 | 49980 |
| 2 | കേന്ദ്ര വിഹിതം | 398000 | 801/27.08.20 | 959 | 67130 |

| | | | | | |
|---|---|---|---|---|---|
| | ചെക്ക് നം. 1994190/30.09.20 | | 771/25.0620 | 920.5 | 64435 |
| | | | 814/23.09.20 | 1396.5 | 97755 |
| 3 | കേന്ദ്ര വിഹിതം ചെക്ക് നം. 1896707/22.01.21 | 909098 | 827/22.10.20 | 1396.5 | 97755 |
| | | | 843/24.11.20 | 1319.5 | 92365 |
| | | | 858/2.12.20 | 1107 | 77490 |
| 4 | തനത് ഫണ്ട് ചെക്ക്നം. 26847/25.03.21 | 334340 | 875/29.01.21 | 1355 | 94850 |
| | | | **888/25.02.21** | **1161** | **81270** |
| | | | | **ആകെ** | **771540** |

മേൽ ഇൻവോയ്സുകൾക്ക് പണം നൽകിയ വേളയിൽ 2% ടി.ഡി. എസ് ഈടാക്കാതെ ജി.എസ്.ടി തുക പൂർണ്ണമായും സപ്ലൈയർക്ക് അനുവദിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതും, സപ്ലൈയർ ജി.എസ്.ടി തുക അടവാക്കിയ രേഖകളുടെ പകർപ്പും ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.04/06.10.2021) സപ്ലൈയർ ജി.എസ്.ടി തുക അടവാക്കിയ റിട്ടേണുകൾ ഹാജരാക്കുകയും, അടുത്ത പ്രാവശ്യം മുതൽ സ്രോതസിൽ നിന്നും നികുതി കിഴിവ് ചെയ്യുന്നതാണെന്ന് മറുപടി നൽകുകയും ചെയ്തിട്ടുണ്ട്.

**ഓഡിറ്റ് നിർദ്ദേശങ്ങൾ**

* ബിൽ തുക അനുവദിക്കുമ്പോൾ തന്നെ നികുതികൾ കുറവ് ചെയ്തിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

**1-28 അസാധാരണ ചെലവുകൾ-രജിസ്റ്റർ പരിപാലിച്ചിട്ടില്ല**

2011 ലെ കേരള പഞ്ചായത്ത് രാജ് (അസാധാരണ ചെലവുകൾ) ചട്ടങ്ങൾ പ്രകാരം അസാധാരണ ചെലവുകൾ നടത്തുവാൻ അനുവദനീയമായ ഇനങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കിയിട്ടുണ്ട്(ചട്ടം 3). മുൻവർഷത്തെ മിച്ചഫണ്ടിന്റെ 20% വരെ (പരമാവധി 1 ലക്ഷം രൂപ) ആണ് അസാധാരണ ചെലവ് പരിധി (ചട്ടം 4). പഞ്ചായത്ത് അസാധാരണ ചെലവ് സംബന്ധിച്ച ഒരു രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതാണ്. ഇതിൽ ചെലവാക്കിയ തുക, പഞ്ചായത്ത് തീരുമാനം നമ്പർ, തിയതി, ആകെ ചെലവ് തുക എന്നിവ രേഖപ്പെടുത്തണം. ചെലവഴിച്ച തുകയുടെ രേഖകൾ കൃത്യമായി സൂക്ഷിക്കേണ്ടതാണ്. അസാധാരണ ചെലവുകളുടെ വാർഷിക കണക്ക് പ്രത്യേകമായി ഗ്രാമസഭകളിൽ അവതരിപ്പിക്കേണ്ടതാണ്.

ഗ്രാമ പഞ്ചായത്തിൽ അസാധാരണ ചെലവുകൾക്ക് വേണ്ടി രജിസ്റ്റർ പരിപാലിക്കുകയോ ഈയിനത്തിലെ ചെലവുകൾ പ്രത്യേകം രേഖപ്പെടുത്തുകയോ ചെലവ് പരിധി പാലിക്കുകയോ മേലുദ്യോഗസ്ഥർ പരിശോധിക്കുകയോ, ധനകാര്യ സ്റ്റാൻറിംഗ് കമ്മിറ്റി വിലയിരുത്തുകയോ ചെയ്യുന്നില്ലെന്ന് പരിശോധനയിൽ കണ്ടെത്തി. 2020-21 വർഷത്തെ തനത്ഫണ്ട് ചെലവ് രേഖകളുടെ പരിശോധനയിൽ അസാധാരണ ചെലവിനങ്ങളുടെ പരിധിയിൽ ഉൾപ്പെടുന്ന ചെലവുകൾ ദൈനംദിന ചെലവായി പരിഗണിക്കുന്നതായി കണ്ടെത്തി. ഏതാനും ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | വൗച്ചർ നം തീയതി | ഇനം | തുക |
|---|---|---|---|
| 1 | 2200302/11.07.20 | എ പ്ലസ് നേടിയ വിദ്യാർത്ഥികളെ അനുമോദിക്കൽ | 7694 |
| 2 | 2200554/30.09.20 | എ പ്ലസ് നേടിയ വിദ്യാർത്ഥികളെ | 565 |

| | | | |
|---|---|---|---|
| | | അനുമോദിക്കൽ-ട്രോഫി | |
| 3 | 2200993/28.01.21 | പഞ്ചായത്ത് ദിനാഘോഷം സംഭാവന | 5000 |
| 4 | 2201044/21.02.21 | ലൈഫ് കുടുംബ സംഗമം | 6750 |
| 5 | 2201045/21.02.21 | ജനകീയ ഹോട്ടൽ ഉദ്ഘാടനം | 600 |

സർക്കുലർ നം.451/എഫ്.എം2/2015/ത.സ്വ.ഭ.വ തീയതി 17.12.2015 പ്രകാരം അസാധാരണ ചെലവുകൾക്ക് സർക്കാർ നിശ്ചയിക്കുന്ന പരിധി കർശനമായി പാലിക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. അസാധാരണ ചെലവിനങ്ങളുടെ പരിധിയിൽ ഉൾപ്പെടുന്ന ചെലവുകൾ ദൈനംദിന ചെലവായി കണക്കാക്കി തുക നൽകിയതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.08/21.10.2021) ചെലവുകൾക്ക് കൃത്യമായി രജിസ്റ്റർ സൂക്ഷിക്കുന്നതാണെന്നും അനുവദിനീയമായ പരിധിയിൽ അധികരിക്കാതിരിക്കാൻ ശ്രദ്ധിക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്.

## 1-29 ഹോമിയോ ഡിസ്പെൻസറിയ്ക്ക് മരുന്ന് വാങ്ങൽ - മരുന്നുകൾ മുഴുവനായും ലഭ്യമായിട്ടില്ല

വാണിയംകുളം ഗ്രാമപഞ്ചായത്തിലെ ഹോമിയോ ഡിസ്പെൻസറിയിൽ പരിശോധനയ്ക്ക് എത്തുന്ന രോഗികൾക്ക് ആവശ്യമായ മരുന്നുകൾ ജില്ലാ മെഡിക്കൽ ഓഫീസറുടെ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ഹോംകോയിൽനിന്ന് വാങ്ങി വിതരണം ചെയ്യുന്നതിനാണ് പ്രോജക്ട് രൂപീകരിച്ചിരിക്കുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ടിന്റെ പേര് | 19/2021 ഹോമിയോ ഡിസ്പെൻസറിയ്ക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ | 500000 (മെയിന്റനൻസ് ഗ്രാന്റ്-നോൺ റോഡ്) |
| ചെലവ് | 500000 |
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ -ഹോമിയോ |
| ബിൽ നമ്പർ | 01/2021 Dt 15.10.2020 |

ഹോമിയോ ഹോമിയോ ഡിസ്പെൻസറിയ്ക്ക് മരുന്ന് വാങ്ങൽ  എന്ന പ്രൊജക്ടിന്റെ ഭാഗമായി മരുന്ന് വാങ്ങുന്നതിന് മേൽ സൂചിപ്പിച്ച ബിൽ നമ്പർ പ്രകാരം 500000 രൂപ ഹോംകോയുടെ അക്കൗണ്ടിലേക്ക് (A/C No 34306403911-SBI ആലപ്പുഴ) 15.10.2020ന് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. ഇതിൽ ലഭ്യമായ മരുന്നിന്റെ വിശദാംശം താഴെ ചേർക്കുന്നു.

| ഇൻവോയ്സ് നം. | തുക |
|---|---|
| LF 673/16.01.2021 | 59244 |
| LF 1311/14.09.2021 | 256307 |
| ആകെ | 315551 |

അവശേഷിക്കുന്ന 184449രൂപയുടെ (500000-315551) മരുന്ന് സമയ ബന്ധിതമായി ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദീകരിക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് നം.14/16.10.2021) 344/2021 തീ.13.10.21 കത്ത് പ്രകാരം മരുന്നുകൾ എത്രയും പെട്ടെന്ന് ലഭ്യമാക്കാൻ ആവശ്യപ്പെട്ട്

ഹോംകോയ്ക്ക് കത്ത് നൽകിയിട്ടുണ്ടെന്നും മരുന്നുകൾ എത്തിക്കുന്നതാണെന്ന് ഹോംകോ അറിയിച്ചിട്ടുണ്ടെന്നും മറുപടി നൽകിയിട്ടുണ്ട്. തുടർ നടപടികളുടെ വിവരം അറിയിക്കേണ്ടതാണ്

**ഓഡിറ്റ് നിർദേശങ്ങൾ**

*മരുന്നുകളുടെ സമയബന്ധിത ലഭ്യതയും വിതരണവും ഉറപ്പുവരുത്തേണ്ടതാണ്.

**1-30 കോവിഡ് പ്രതിരോധം-അവലോകനം**

വാണിയംകുളം ഗ്രാമപഞ്ചായത്തിൽ 2019-2020, 2020-2021 വർഷങ്ങളിൽ കോവിഡ് പ്രതിരോധപ്രവർത്തനങ്ങൾക്കായി വാർഷിക പദ്ധതിയിലുൾപ്പെടുത്തി പ്രൊജക്ടുകൾ ഒന്നും തന്നെ നടപ്പിലാക്കിയിരുന്നില്ല. 08.05.2020 മുതൽ 31.10.2020 വരെ മനിശ്ശിരിയിലുള്ള പ്രീ മെട്രിക്ക് ഹോസ്റ്റലിൽ പ്രവർത്തിച്ചിരുന്ന കോവിഡ് ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്ററിന്റെ ചെലവുകൾ തനത് ഫണ്ട് ഉപയോഗിച്ചാണ് നടത്തിയിരുന്നത്. ഈയിനത്തിൽ 464221/-രൂപ ചെലവഴിക്കുകയും, ഈ തുക പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസ് മുഖാന്തിരം ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയിൽ സമർപ്പിച്ച് റീഇംബേഴ്സ്മെന്റായി തിരികെ ലഭിക്കുകയും ചെയ്തിട്ടുണ്ട്. കോവിഡ് ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്ററുമായി ബന്ധപ്പെട്ട സ്റ്റോക്ക് രജിസ്റ്ററുകൾ കാലികമാക്കി സൂക്ഷിച്ചിട്ടുണ്ട്. സന്നദ്ധസംഘടനകളെ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളിൽ ഗ്രാമ പഞ്ചായത്ത് മികച്ച രീതിയിൽ ഉപയോഗപ്പെടുത്തിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിൽ പൊതുവെ തൃപ്തികരമായ രീതിയിലാണ് കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ നടത്തിവരുന്നത്.

കോവിഡ് പ്രതിരോധപ്രവർത്തനങ്ങൾക്കായി വാങ്ങിയ സ്പ്രെയർ, ബെഡ് മുതലായ പുനരുപയോഗപ്രദമായ ഉപകരണങ്ങൾ ഫലപ്രദമായ രീതിയിൽ ഉപയോഗപ്പെടുത്തേണ്ടതാണ്.

## ഭാഗം -2

**2-1 തൊഴിൽ നികുതി-'വിമുക്തഭടന്മാർക്ക്' ഇളവ് -രൂ.15940.00 രൂപ നഷ്ടം**

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, 1996 ലെ കേരള തൊഴിൽ നികുതി ചട്ടങ്ങൾഎന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വിമുക്തഭടന്മാർ തൊഴിൽ നികുതി അടവാക്കുവാൻ ബാധ്യസ്ഥരാണ്. കൂടാതെ തദ്ദേശ സ്വയ ഭരണ സെക്രട്ടറിയുടെ 15.10.2010 ലെ 34134/എഫ്.എം.1/2007 നമ്പർ കത്ത് പ്രകാരം വിമുക്തഭടന്മാരെ തൊഴിൽ നികുതി അടവാക്കുന്നതിൽ നിന്നും ഒഴിവാക്കുവാൻ കഴിയില്ലെന്ന് സ്പഷ്ടീകരണം നൽകിയിട്ടുമുണ്ട്. 2020-21 വർഷം പി.കെ. ദാസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസിലെ ജീവനക്കാരുടെയും ഡോക്ടർമാരുടെയും തൊഴിൽ നികുതി പത്രികകളിൽ 'വിമുക്തഭടൻ' എന്ന രേഖപ്പെടുത്തി നികുതി അടവാക്കാത്തതുമൂലം ഗ്രാമ പഞ്ചായത്തിന് ഒന്നാം അർധ വർഷം 9070/-രൂപയും രണ്ടാം അർധ വർഷം 7120/-രൂപയും നഷ്ടം ( ആകെ 16190/-) ഉണ്ടായിട്ടുണ്ട്.വിശദാംശങ്ങൾ താഴെ ചേർക്കുന്നു

**2020-21-ഒന്നാം അർദ്ധ വർഷം**

| ക്രമ നം | പേര് | തസ്തിക | അർദ്ധ വാർഷിക വരുമാനം | തൊഴിൽ നികുതി |
|---|---|---|---|---|
| 1 | ക്യാപ്റ്റൻ രവികുമാർ | ലെയ്സൺ ഓഫീസർ | 13099.00 | 120.00 |
| 2 | മണിലാൽ | വാർഡൻ | 38500.00 | 300.00 |
| 3 | സുരേഷ് കുമാർ പി | ലാബ് ഇൻചാർജ്ജ് | 83033.00 | 750.00 |
| | | | | |

| | | | | |
|---|---|---|---|---|
| 4 | അജിത് കുമാർ കെ | സൂപ്പർവൈസർ | 57250.00 | 450.00 |
| 5 | വാസുദേവൻ സി | സ്റ്റോർ ഇൻചാർജ്ജ് | 60924.00 | 600.00 |
| 6 | കേണൽ സിന്ധു എംകെ | നഴ്സിങ്ങ് സൂപ്പർവൈസർ | 122842.00 | 1000.00 |
| 7 | രവീന്ദ്രനാഥൻ വി ബി | ഓഫീസ് സൂപ്രണ്ട് | 91956.00 | 750.00 |
| 8 | പ്രദീപ് കെ | ഡ്രൈവർ | 82749.00 | 750.0 |
| 9 | ശിവകുമാരൻ കെ | എച്ച് ആർ മാനേജർ | 100258.00 | 1000.00 |
| 10 | ശ്രീനിവാസ് എം | അഡ്മിൻ മാനേജർ | 225914.00 | 1250.00 |
| 11 | മണികണ്ഠൻ കെ കെ | ഫ്ലോർ സൂപ്പർവൈസർ | 61843.00 | 600.00 |
| 12 | ഡോ:ലെഫ്റ്റനന്റ് കേണൽ വൽസൻ | പ്രൊഫസർ | 370640.00 | 1250.00 |
| ആകെ | | | | 8820.00 |

**2020-21-രണ്ടാം അർദ്ധ വർഷം**

| ക്രമ നം | പേര് | തസ്തിക | അർദ്ധ വാർഷിക വരുമാനം | തൊഴിൽ നികുതി |
|---|---|---|---|---|
| 1 | അജിത് കുമാർ കെ | സൂപ്പർവൈസർ | 12179.00 | 120.00 |
| 2 | വാസുദേവൻ സി | സ്റ്റോർ ഇൻചാർജ്ജ് | 84254.00 | 750.00 |
| 3 | രവീന്ദ്രനാഥൻ വി ബി | ഓഫീസ് സൂപ്രണ്ട് | 182475.00 | 1250.00 |
| 4 | പ്രദീപ് കെ | ഡ്രൈവർ | 97741.00 | 750.0 |
| 5 | ശിവകുമാരൻ കെ | എച്ച് ആർ മാനേജർ | 119184.00 | 1000.00 |
| 6 | ശ്രീനിവാസ് എം | അഡ്മിൻ മാനേജർ | 313922.00 | 1250.00 |
| 7 | മണികണ്ഠൻ കെ കെ | ഫ്ലോർ സൂപ്പർവൈസർ | 93350.00 | 750.00 |
| 8 | ഡോ:ലെഫ്റ്റനന്റ് കേണൽ വൽസൻ | പ്രൊഫസർ | 701261.00 | 1250.00 |
| | | ആകെ | | 7120.00 |

മതിയായ പരിശോധനകൾ നടത്താതെ തൊഴിൽ നികുതി പത്രികകൾ സ്വീകരിച്ചതു മൂലം ഗ്രാമ പഞ്ചായത്തിന് 15940(8820+7120) രൂപയുടെ നഷ്ടം തൊഴിൽ നികുതി ഇനത്തിൽ വന്നിട്ടുണ്ട്. ഈ തുക

പലിശ സഹിതം ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം -3

### 3-1 കരാറുകാരന് പ്രവൃത്തിയുടെ തുക അനുവദിച്ചപ്പോൾ ടാർ ബാരലിന്റെ തുക ഈടാക്കിയിട്ടില്ല

2020-21 ൽ പൂർത്തീകരിച്ചിട്ടുള്ള റോഡ് ടാറിംഗ് പ്രവൃത്തികളിൽ കരാറുകാരാണ് ബിറ്റുമിൻ വാങ്ങിയിരിക്കുന്നത്. പ്രൈസ് സോഫ്റ്റ് വെയർ മുഖേന നിരക്കുകൾ കണക്കാക്കിയിട്ടുള്ള (With Packed Bitumin Rates) ഇവയുടെ ഫൈനൽ ബില്ലുകളിൽ നിന്നും ബിറ്റുമിൻ ബാരൽ വില കുറവു ചെയ്തതിനുശേഷമാണ് കരാറുകാർക്ക് തുക നൽകേണ്ടത്. എന്നാൽ താഴെ പറയുന്ന പ്രവൃത്തികളിൽ നിന്നും ബിറ്റുമിൻ ബാരൽ വില ഈടാക്കാതെയാണ് കരാറുകാരന് ഫൈനൽ ബിൽ തുക നൽകിയിരിക്കുന്നത് .ഈ പ്രവൃത്തികളുടെ അളവു പുസ്തകങ്ങളിൽ ബിറ്റുമിൻ Adequacy കണക്കാക്കി നിർവ്വഹണോദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. 295/-രൂപ നിരക്കിൽ ബാരലിന്റെ വിലയായ 44595/-രൂപ കരാറുകാരിൽ നിന്ന് ഈടാക്കേണ്ടതാണ്. ഇതിൽ 36,568/- രൂപ പഞ്ചായത്ത് ഫണ്ടിലും 8027/- രൂപ ജി.എസ്.ടി ഇനത്തിലും അടവാക്കേണ്ടതാണ്.

| ക്രമ നം. | പ്രോജ.നം./ പ്രവൃത്തി/ കരാറുകാരൻ | ബിൽ നം.,തുക, അളവു പുസ്തകം | ആവശ്യമായ ബിറ്റുമിൻ(Kg) (As Per Adequacy) - ബാരലിന്റെ എണ്ണം | ബാരലിന്റെ വില @ 295- |
|---|---|---|---|---|
| 1 | 95/21 ഹെൽത്ത് സെന്റർ-കോതയൂർ-അങ്കണവാടി റോഡ് റീ-ടാറിംങ് കരാറുകാരൻ-ഉദയകുമാർ | 124/16-03-21 399078 427/19-20 | VG-30–2529.95/156 =16.21 RS1-241.44/200 =.21 SS1-127.20/182 =0.69 | 17x295 = 5015 |
| 2 | 140/21 മിഷൻ കോമ്പൗണ്ട് റോഡ് റി-ടാറിംങ് കരാറുകാരൻ-ഹരിദാസൻ പി | 86/11-02-21 269000 396/19-20 | VG-30 –1381.75/156 =8.85 RS1-126.13/200 =.63 | 9x295 =2655 |
| 3 | 92/21 -ടി.എം.യു.പി.സ്കൂൾ റോഡ് റീടാറിംങ് കരാറുകാരൻ-ഗിരീഷ് കുമാർ എം | 89/16-02-21 399404 332/19-20 | VG-30 –3276.17/156 =21 RS1-319.77/200 | 22x295 =6490 |

| | | | | |
|---|---|---|---|---|
| | | | =1.50 | |
| 4 | 101/21-ത്രാങ്ങാലി വായനശാല റോഡ് മെറ്റലിംങ്,ടാറിംങ്<br>കരാറുകാരൻ-ശിവദാസൻ എം | 134/20-3-21<br>200070<br>419/19-20 | VG-30-1226.88/156<br>=7.86<br>RS1-159.90/200<br>=.79<br>SS1-494.24/182<br>=2.71 | 11x295<br>= 3245 |
| 5 | 104/21-ആര്യങ്കാവ് റോഡ് റീ-ടാറിംങ്<br>കരാറുകാരൻ-രമേഷ് | 94/19-2-21<br>350000<br>405/19-20 | VG-30-2807.47/156<br>=17.99<br>RS1-264.94/200<br>=.1.32 | 19x295<br>= 5605 |
| 6 | 175/21 വെള്ളാരം പാറ റോഡ് മെറ്റലിംങ് ടാറിംങ്<br>കരാറുകാരൻ-കെ.ഗംഗാധരൻ | 58/12-11-20<br>343800<br>351/19-20 | VG-30-949.50/156<br>=6.08<br>RS1-123.75/200<br>=0.61 | 7x295<br>= 2065 |
| 7 | 258-21-കരുവാരക്കുണ്ട് റോഡ് മെറ്റലിംങ്, ടാറിംങ്<br>കരാറുകാരൻ-കെ.ഗംഗാധരൻ | 11/17-07-20<br>400000<br>350/19-20 | VG-30-2626.68/156<br>=16.83<br>RS1-269.12/200<br>=.1.34<br>SS1-184.36/182<br>=1.01 | 19x295<br>= 5065 |
| 8 | 162/21-ചോറോട്ടൂർതെക്കുംമുറി റോഡ് മെറ്റലിംങ്,ടാറിംങ്<br>കരാറുകാരൻ-ശിവദാസ്.എം | 10/17-07-20<br>199980<br>347/19-20 | VG-30-968.58/156<br>=6.20<br>RS1-108.60/200<br>=0.54 | 8x295<br>= 2360 |

| | | | | |
|---|---|---|---|---|
| | | | SS1-216.58/182 =1.19 | |
| 9 | 62/21- കോതയൂർ കോളനി റോഡ് റീ-ടാറിംങ് കരാറുകാരൻ-വി.രാജേഷ് | 14/7-04-20 163411 179/18-19 | VG-30-633/156 =4.05 RS1-8.50/200 =0.04 SS1-255/182 =1.40 | 5x295 = 1475 |
| 10 | 189/21-ചൂണ്ടിൽ പറമ്പ് റോഡ് റീ-ടാറിംങ് കരാറുകാരൻ-ഗംഗാധരൻ | 90/16-2-21 299774 400/19-20 | VG-30-3329.19/156 =21.34 RS1-221.06/200 =1.10 | 22x295 = 6490 |
| 11 | 1111/21-വള്ളുവനാട് ഹൗസ് ഹെഡ് റോഡ് റീടാറിംങ് കരാറുകാരൻ-മണികണ്ഠ പ്രകാശ് | 92/19-02-21 249968 334/19-20 | VG-30-2048/156 =13.1 RS1-202.50/200 =1.01 | 14x295 = 4130 |
| | | | ആകെ | 44595/- |

## ഭാഗം -4

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തിയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2020-21 | 04.10.2021 മുതൽ 22.10.2021 വരെ | അനുബന്ധമായി ചേർത്തിട്ടുണ്ട്. |

## 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 150000 | ലൈഫ് മിഷൻ തുക വകയിരുത്തൽ- (21 /20-21) | 150000 | 0 |
| | 2020-21 | 617582 | സമഗ്ര നെൽ കൃഷി വികസനം (31/20-21) | 617582 | 0 |
| | 2020-21 | 143100 | സുഭിക്ഷ കേരളം തരിശ് നെൽകൃഷി (299/21) | 143100 | 0 |
| | 2020-21 | 132700 | സുഭിക്ഷ കേരളം -തരിശ് പച്ചക്കറി കൃഷി (300/21) | 132700 | 0 |
| | 2020-21 | 10000 | സുഭിക്ഷ കേരളം -തരിശ് ചെറുധാന്യ കൃഷി ( 301/21) | 10000 | |
| | 2020-21 | 550756 | ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (ജനറൽ)- (170/20-21) | 550756 | 0 |
| | 2020-21 | 100000 | ക്ഷീര സംഘങ്ങൾക്ക് പാലിന് സബ്സിഡി (17/21) | 100000 | 0 |
| ജില്ലാ | 2020-21 | 617583 | സമഗ്ര നെൽ കൃഷി | 617583 | 0 |

| | | | | | |
|---|---|---|---|---|---|
| പഞ്ചായത്ത് | | | വികസനം (31/20-21) | | |
| | 2020-21 | 40000 | ലൈഫ് മിഷൻ തുക വകയിരുത്തൽ- (17/20-21) | 40000 | 0 |
| | 2020-21 | 500000 | ക്ഷീര സംഘങ്ങൾക്ക് പാലിന് സബ്സിഡി- ജനറൽ (17/21) | 500000 | 0 |
| | 2020-21 | 237453 | ക്ഷീര സംഘങ്ങൾക്ക് പാലിന് സബ്സിഡി- ജനറൽ (17/21) | 237453 | 0 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| ക്രമ നം. | പ്രോജക്റ്റ് നമ്പർ | പ്രോജക്റ്റിന്റെ പേര് | ഡപ്പോസിറ്റ് ചെയ്ത തുക | ചെലവഴിച്ച തുക | ബാക്കി തുക | ബിൽ നമ്പർ /ചെക്ക് നമ്പർ |
|---|---|---|---|---|---|---|
| 1 | 10/20-21 | കപ്പൂരപ്പടി കോളനി തെരുവ് വിളക്ക് ലൈൻ വലിക്കൽ | 39989 | 39989 | 0 | 429617 തിയ്യതി 17.08.2020 |
| 2 | 11/20-21 | പൂവ്വത്തിങ്കൽ കോളനി തെരുവ് വിളക്ക് ലൈൻ വലിക്കൽ | 39989 | 39989 | 0 | 429618 തിയ്യതി 17.08.2020 |
| 3 | 12/20-21 | ചോറോട്ടൂർ പടിഞ്ഞാറെപുര കോളനി തെരുവ് വിളക്ക് ലൈൻ വലിക്കൽ | 129613 | 129613 | 0 | 367101 തിയ്യതി 23.07.2020 |
| 4 | 13/20-21 | തെക്കേപുരക്കൽ തെരുവ് വിളക്ക് ലൈൻ വലിക്കൽ | 229366 | 229366 | 0 | 379013 തിയ്യതി 27.07.2020 |

| | | | | | | |
|---|---|---|---|---|---|---|
| 5 | 14/20-21 | പതിനെട്ടാം വാർഡ് തെരുവ് വിളക്ക് ലൈൻ വലിക്കൽ | 99688 | 99688 | 0 | 429615 തിയ്യതി 17.08.2020 |
| 6 | 16/20-21 | വിവിധ പ്രദേശങ്ങളിൽ ഇലക്ട്രിക്ക് പോസ്റ്റ് മാറ്റൽ | 494846 | 494846 | 0 | ട്രഷറി ചെക്ക് നം.2434758, 2434759 തിയ്യതി 03.08.2020 |
| 7 | 42/ 20-21 | പുലാശ്ശേരി റോഡ് തെരുവ് വിളക്ക് ലൈൻ വലിക്കൽ | 49753 | 49753 | 0 | 367080 തിയ്യതി 23.07.2020 |
| 8 | 125/ 20-21 | വിവിധ വാർഡുകളിൽ തെരുവ് വിളക്ക് ലൈൻ വലിക്കൽ | 293638 | 293638 | 0 | ട്രഷറി ചെക്ക് നം.2434760 തിയ്യതി 03.08.2020 |
| 9 | 215/ 20-21 | ത്രാങ്ങാലി ലക്ഷം വീട് കുടിവെള്ള പദ്ധതിയുടെ ഒ.വൈ.സി അടവാക്കൽ | 35136 | 35136 | 0 | ട്രഷറി ചെക്ക് നം. 1994181 തിയ്യതി 07.09.2020 |
| 10 | 285/ 20-21 | ആശാദീപം- മംഗള ലൈൻ വലിക്കൽ | 83767 | 83767 | 0 | ട്രഷറി ചെക്ക് നം.938446 തിയ്യതി 02.11.2020 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് ഒന്നും നൽകിയിട്ടില്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

തൻവർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവൊന്നുമില്ല. തൻവർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |

| | | | | | | |
|---|---|---|---|---|---|---|
| KURDFCലൈഫ് പദ്ധതി ലോൺ | ലഭ്യമല്ല | Nil | 5907059 | 1068353 | - | 4838706 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

ഒന്നുമില്ല

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2018-19 | 1-2 | 1440 | കൃഷ്ണ സിമന്റ് പ്രൊഡക്ട്സ് തൊഴിൽ നികുതി | 120040100095/ 30-04-2020 |
| 2018-19 | 1-2 | 2880 | രാജേഷ്, കെ.സി.നിലയം തൊഴിൽ നികുതി | 120040100705/ 05-06-2020 |
| 2018-19 | 1-2 | 3840 | നസീമ, പ്രസ്റ്റീജ് പ്ലൈ ഹൗസ് തൊഴിൽ നികുതി | 120040100864/ 12-06-2020 |
| 2018-19 | 1-2 | 3840 | ഹസൻ, പി.കെ. ദാസ് ഹോസ്പിറ്റൽ തൊഴിൽ നികുതി | 120040101004/ 18-06-2020 |
| 2018-19 | 1-2 | 3600 | രാജ്കുമാർ. ഇ.പി. മാച്ച് വർക്സ്- D&O ലൈസൻസ് ഫീ | 120040101046/ 19-06-2020 |
| 2018-19 | 1-2 | 2160 | അബ്ദുൾ അനീസ് (റോയൽ കാറ്ററിംങ് )-തൊഴിൽ നികുതി | 120040101256/ 02-07-2020 |
| 2018-19 | 1-12 | 600 | ശോഭ,പല്ലിശ്ശേരി- D&O ലൈസൻസ് ഫീ | 120040101895/ 13-08-2020 |
| 2018-19 | 1-12 | 360 | കേശവൻതോട്ടിങ്ങൽ, D&O ലൈസൻസ് ഫീ | 120040102047/ 24-08-2020 |
| 2018-19 | 1-12 | 840 | ദിവാകരൻ പി. കാവേരി | 120040102119/ 27-08-2020 |

| | | | | |
|---|---|---|---|---|
| | | | ഇംപ്ലിമെന്റ്സ്<br>D&O<br>ലൈസൻസ് ഫീ | |
| 2018-19 | 1-12 | 1560 | ഹൈഡ്ര, ഇന്ത്യൻ ബിൽഡിംങ് മെറ്റീരിയൽ, തൊഴിൽ നികുതി | 120040105507/<br>04-02-2021 |

ഈ ഇനത്തിലെ ആകെ വരവ് 21120/- രൂപയാണ്. എന്നാൽ AFSൽ തൊഴിൽ നികുതി ഇനത്തിൽ തൻവർഷം അടവാക്കിയ വിജയകുമാർ, മുല്ലക്കൽ, അംബിക മേച്ചസ് എന്നയാൾ അടവാക്കിയ 1440/- രൂപ കൂടി ഓഡിറ്റ് റിക്കവറി എന്ന ശീർഷകത്തിലാണ് തെറ്റായി വരവ് വെച്ചിട്ടുള്ളത്.

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ **1994**ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **23** പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു**.**

| ഓഡിറ്റ് വർഷം, ഖണ്ഡിക നം. | സമാഹൃത റിപ്പോർട്ട് വർഷം, ഖണ്ഡിക നം. | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|
| 1998-99,<br>44 | 2002-03,<br>1.9.1.1 | കുഴൽ കിണർ നിർമ്മാണം- അധിക തുക നൽകിയത് നിരാകരിക്കുന്നു. | അന്തിമ തീരുമാനമായിട്ടില്ല |
| 1999-00,<br>5 | 2004-05,<br>3.9.1.5.1 | 6.36 ലക്ഷത്തിന്റെ ചെലവിന് രേഖകൾ ഹാജരാക്കിയില്ല. | അന്തിമ തീരുമാനമായിട്ടില്ല |
| 2003-04,<br>3-16 | 2007-08,<br>3.5.4.1 | സമ്പൂർണ്ണ ശുചിത്വ പരിപാടി- കക്കൂസ് നിർമ്മാണം- കൂടിയ ടെണ്ടർ സ്വീകരിച്ചതു മൂലം നഷ്ടമുണ്ടായി | അന്തിമ തീരുമാനമായിട്ടില്ല |

## 4-9 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

**(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക**

തുക ഈടാക്കിയിട്ടില്ല.

**(എ)സർചാർജ് നടപടി വഴി ഈടാക്കിയ തുക**

തുക ഈടാക്കിയിട്ടില്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | 56514953.78 |
| ഓഡിറ്റ് വർഷത്തെ വരവ് | 97093392 |
| ആകെ | 153608345.78 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 118140630 |
| നീക്കിയിരിപ്പ് | 35467715.78 |
| വരവിനങ്ങളിലുള്ള നഷ്ടം | 15940 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 36568 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 50492 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | ചാർജ്ജ് ഇനത്തിലെ തുക | സർചാർജ്ജ് ഇനത്തിലെ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 2-1 | 15940 | | ഷാജി.കെ, സെക്രട്ടറി |
| 3-1 | | 36568 | കെ.മാലിനി, അസി.എഞ്ചിനീയർ (35093 രൂപ)<br>സനകൻ.എസ്, അസി.എഞ്ചിനീയർ (1475 രൂപ) |

(സി). ഭാഗം 1 പ്രകാരം പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം-

ഒന്നുമില്ല

ഡി. ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തടസ്സപ്പെടുത്തിയ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-16 | 50492 | ജയകല എം,ഹെഡ് മിസ്ട്രസ് ജി.വി.എച്ച്.എസ് കുനത്തറ |

(ഇ) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക 3-1 – 8027/- രൂപ

(എഫ് ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഒന്നുമില്ല

(ജി)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| സനകൻ എസ്, അസി.എഞ്ചിനീയർ | റിട്ടയേർഡ് | പുത്തൻ വിള വീട്, നെടുമ്പറമ്പ് (പി.ഓ) കരവാരം തിരുവനന്തപുരം ജില്ല |
| മാലിനി കെ, അസി.എഞ്ചിനീയർ, | അസി.എഞ്ചിനീയർ, വാണിയംകുളം ഗ്രാമ പഞ്ചായത്ത് | കുന്നത്താഴത്ത് വീട്, നെടുങ്ങോട്ടൂർ വീട് ഷൊർണ്ണൂർ |
| ഷാജി കെ.കെ, സെക്രട്ടറി, ഗ്രാമ പഞ്ചായത്ത് | സെക്രട്ടറി, എരുമപ്പെട്ടി ഗ്രാമ പഞ്ചായത്ത് | കുട്ടാട്ട് വീട്, എറിയാട് പി.ഒ, കൊടുങ്ങല്ലൂർ, തൃശ്ശൂർ ജില്ല |
| ജയകല എം, ഹെഡ് മിസ്ട്രസ് ജി.വി.എച്ച്.എസ് കുനത്തറ | ഹെഡ് മിസ്ട്രസ് ജി.വി.എച്ച്.എസ് കുനത്തറ | വിശാഖം, കേരളശ്ശേരി, പാലക്കാട് ജില്ല പിൻ-678641 |

**4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ**

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|

| | | |
|---|---|---|
| 1997-98 | LFP8/57/2000/12-10-2000 | 4 |
| 1998-99 | LFP11/753/2002/ 9-10-2002 | 3 |
| 1999-00 | LFP12/815/2004/ 10-09-2004 | 4 |
| 2000-01 | LFP12/816/04/30-09-05 | 5 |
| 2001-02 | LFP14/483/04/16-07-04 | 6 |
| 2002-03 | LFP14/380(1)/07/ 25-1-08 | 5 |
| 2003-04 | LFP16/794/12/12.9.12 | 7 |
| 2004-05 | LFP16/1812/11/ 15.12.11 | 9 |
| 2005-06 | LFP16/1813/11/3.12.11 | 6 |
| 2006-07 | LFP16/1815/11(2)/3.12.11 | 8 |
| 2007-08 | LFP16/11((1)/3.12.11 | 7 |
| 2008-09 | LFP16/1901/11/3.12.11 | 8 |
| 2009-10<br>2010-11 | LFP16/1890/13/4.4.14 | 11 |
| 2011-12 | LFP16/1270/2014 | 13 |
| 2012-13<br>2013-14&<br>2014-15 | LFP20/1102/2015<br><br>KSA.PKD.16/1364/2016/03.08.2016 | 16 |
| 2015-16 | KSA.PKD.16/1964/16/18-10-2016 | 10 |
| 2016-17 | KSA.PKD.16/1763/17/11.10.2017 | 11 |
| 2017-18 | KSA PKD 16-07/2019 /29.01.2019 | 14 |
| 2018-19 | KSA PKD 16-1338/2019 /25.11.2019 | 15 |
| 2019-20 | KSA PKD 16-1380/2021 /18.11.2021 | 21 |

അവശേഷിക്കുന്ന റിപ്പോർട്ടികളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

**ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ)**

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്‌ ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പാലക്കാട് ജില്ലയിലെ വാണിയംകുളം ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പാലക്കാട് ജില്ലയിലെ വാണിയംകുളം ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**3**

## ഓഡിറ്റ് ചെയ്ത വരവ് ചെലവ് പത്രിക-സംക്ഷിപ്തം

BALANCE SHEET

| AS ON 01 31-March-2021 | | | |
|---|---|---|---|
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 29310654.98 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 767654.00 |
| 312000000 | Reserves | B-3 | 89537976.00 |
| | Total Reserve & Surplus | | 119616284.98 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 8774503.00 |
| | Total Grants, Contributions for Specific Purposes | | 8774503.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 5916706.00 |
| | Total Loans | | 5916706.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 1833311.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 2266839.80 |
| | Total Current Liabilities and Provisions | | 4100150.80 |
| | TOTAL LIABILITIES | | 138407644.78 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 140732604.00 |
| 411000000 | Accumulated Depreciation | B-11 | -51442202.00 |
| 412000000 | Capital Work in Progress | B-11(a) | 388499.00 |
| | | | |

| | | | |
|---|---|---|---|
| | Total Fixed Assets | | 89678901.00 |
| | Investments | | |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 4875194.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 440000000 | Pre-paid Expenses | B-16 | 5916706.00 |
| 450000000 | Cash and Bank Balance | B-17 | 35467715.78 |
| 460000000 | Loans, Advances and Deposits | B-18 | 2469128.00 |
| | Total Current Assets, Loans and Advances | 0.0 | |
| | Total Current Assets, Loans and Advances | 48728743.78 | |
| | Other Assets | | Other Assets |
| | Miscellaneous Expenditure (To the Extent not written off) | | Miscellaneous Expenditure (To the Extent not written off) |
| | TOTAL ASSETS | 138407644.78 | |

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | INCOME AND EXPENDITURE STATEMENT | | |
| 110000000 | Tax Revenue | I-1 | 9555649.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 1171256.00 |
| 140000000 | Fee & User Charges | I-4(b) | 1273310.00 |
| 150000000 | Sale & Hire Charges | I-5(b) | 201806.00 |

| | | | |
|---|---|---|---|
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 170578619.00 |
| 171000000 | Interest Earned | I-8 | 1145389.00 |
| 180000000 | Other Income | I-9 | 26503.00 |
| | Total Income | | 183952532.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 9929936.00 |
| 220000000 | Administrative Expenses | I-11(b) | 1615128.00 |
| 230000000 | Operations & Maintenance | I-12(b) | 6827714.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 8336004.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 55797792.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 4756588.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 748255.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 79940470.00 |
| 255000000 | Maintenance | I-14(e) | 20438500.00 |

| | | | |
|---|---|---|---|
| | Projects | | |
| 272000000 | Depreciation | I-17(a) | 10739623.00 |
| | Total Expenditure | | 199130010.00 |
| | Gross Surplus/ Deficit of income over Expenditure | | -15177478.00 |
| 280000000 | Prior Period Item | I-18 | 3098042.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | -18275520.00 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

| | | | |
|---|---|---|---|
| | RECEIPTS AND PAYMENT STATEMENT | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 56514953.78 |
| Cash | Cash | RP-40(a) | 0.0 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 2769280.00 |
| 130000000 | Rental income from Panchayat Properties | RP-3 | 0.0 |
| 140000000 | Fees & User Charges | RP-4 | 868876.00 |
| 150000000 | Sale & Hire Charges | RP-5 | 201806.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 73848184.00 |
| 171000000 | Interest Earned | RP-9 | 1145389.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 9293018.00 |
| 340000000 | Deposits Received | RP-34 | 1000.00 |
| 350000000 | Other Liabilities | RP-36 | 307293.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 26503.00 |
| 311000000 | Earmarked Funds | RP-29 | 70354.00 |

| | | | |
|---|---|---|---|
| 330000000 | Secured Loans | RP-32 | 210000.00 |
| 340000000 | Deposits Received | RP-34 | 468434.00 |
| 350000000 | Other Liabilities | RP-36 | 528523.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 7354732.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | RP-44 | 0.0 |
| 460000000 | Loans, Advances and Deposits | RP-47 | 0.0 |
| | Grand total | | 153608345.78 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 3076202.00 |
| 220000000 | Administrative Expenses | RP-12 | 1610228.00 |
| 230000000 | Operations & Maintenance | RP-13 | 6827214.00 |
| 250000000 | Decentralised Plan Programme-Productive Sector | RP-15 | 8201804.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 28744565.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | RP-17 | 3935218.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 748255.00 |
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 1111470.00 |
| 255000000 | Maintenance Projects | RP-20 | 20438500.00 |

| | | | |
|---|---|---|---|
| 280000000 | Prior Period item | RP-26 | -32056.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 1820667.00 |
| 350000000 | Other Liabilities | RP-36 | 5932914.00 |
| | Non Operating | | |
| 280000000 | Prior Period Item | RP-26 | -30901.00 |
| 311000000 | Earmarked Funds | RP-29 | 111000.00 |
| 340000000 | Deposits Received | RP-34 | 178280.00 |
| 350000000 | Other Liabilities | RP-36 | 1624962.00 |
| 410000000 | Fixed Assets | RP-38 | 26341699.00 |
| 412000000 | Capital work in Progress | RP-40 | 2853881.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 3467105.00 |
| 440000000 | Pre-paid Expenses | RP-45 | 0.0 |
| 460000000 | Loans, Advances and Deposits | RP-47 | 1179623.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 35153260.78 |
| Cash | Cash | RP-40(b) | 314455.00 |
| | Grand Total | | 153608345.78 |